# കേരള പ്രൈവററ് കോളേജ് ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ

കൺവൻഷൻ സ്പെഷ്യൽ

# കേരള പ്രൈവറ്റ് കോളേജ് ടീച്ചർ

അഖിലകേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ്
അസോസിയേഷന്റെ മുഖപത്രം

**17** ഫെബ്രുവരി — മാർച്ച്
**1980**

വില — ഒറ്റപ്രതി — അമ്പതു പൈസ.

വാർഷിക വരിസംഖ്യ — അഞ്ചു രൂപ.


ഈ ലക്കത്തിൽ : കോട്ടയം കൺവൻഷൻ — പുതിയ ഗവൺമെൻറിനോട് — എ. കെ. പി. സി. ടി. എ. ഒരവലോകനം — പ്രവർത്തകക്യാമ്പ് — എ കെ. പി സി ടി. എ. പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ — ഗവർമ്മെൻറ് ഓർഡർ — വാർത്തകൾ — അറിയിപ്പുകൾ.


പത്രാധിപസമിതി :

ആർ. ആർ. സി. നായർ, വി. നാരായണൻകുട്ടി, എം. ആർ. ചന്ദ്രശേഖരൻ
കെ. സി. ചാക്കോ, എൻ. ജെ. ജേക്കബ്ബ്, വി. എൻ. മുരളി (ചീഫ് എഡിറ്റർ)

# കോട്ടയം കൺവൻഷൻ

പുതിയ പ്രവർത്തനശൈലിയും പുതിയ ഉത്തരവാദിത്വങ്ങളുമായി മുന്നേറാൻ എ. കെ. പി. സി. ടി. എ. തയ്യാറായിരിക്കുന്ന കാലഘട്ടത്തിലാണ് പതിനൊന്നാം കൺവൻഷൻ കോട്ടയത്തു നടക്കുന്നതു്. കേരളത്തിലെ പ്രൈവററ് കോളേജദ്ധ്യാപകരുടെ പൊരുതുന്ന സംഘടനയാണ് എ. കെ. പി. സി. ററി. എ. ആരുടെയും ഔദാര്യത്തിനു കാത്തുനിൽക്കാതെ സംഘടിക്കാനും സമരം ചെയ്യാനും ആദ്യനാൾ മുതൽ തന്നെ തയ്യാറായതുകൊണ്ടു് നിരവധി നേട്ടങ്ങൾ അദ്ധ്യാപകർക്കുണ്ടായി. യൂണിവേഴ്സിററി നിയമം, സർക്കാർ കോളേജദ്ധ്യാപകരോട് പാരിററി, ഡയറക്ട് പേമെൻറ്, പെൻഷൻ പദ്ധതി എന്നിവ അക്കൂട്ടത്തിൽ എടുത്തുപറയാവുന്നതാണ്. ഇത്തരം നേട്ടങ്ങൾക്കുവേണ്ടി നാം നടത്തിയ പോരാട്ടങ്ങളിലൂടെയാണ് സംഘടന ഇന്നു കാണുന്ന രീതിയിൽ വളന്നതു്.

നേട്ടങ്ങളിൽ നമുക്കു് അഭിമാനം കൊള്ളാം. എന്നാൽ ഇന്നു നമ്മെ നേരിടുന്ന പ്രശ്നങ്ങളെപ്പററി നാം ശരിയ്ക്കും ബോധവാന്മാരായിട്ടുണ്ടോ? ഒരുതരം ആലസ്യം നമ്മെയെല്ലാം ബാധിച്ചിട്ടില്ലേ ? ഈ ആലസ്യം വിട്ടു് ഉണരാനുള്ള ആഹ്വാനമാണ് കോട്ടയം കൺവൻഷൻ നമുക്കു തരുന്നതു്. വർഷങ്ങളായി നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന യു. ജി. സി. സ്കെയിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. പല കോടതി വിധികളും നമ്മുടെ 'സേവനസ്ഥിരത' ഇല്ലാതാക്കിയിരിക്കുന്നു. വിദ്യാഭ്യാസരംഗമാകെ അഴിമതി നിറഞ്ഞുനിൽക്കുന്നു. ഇത്തരത്തിൽ ഒട്ടനവധി പ്രശ്നങ്ങൾ നമ്മെ നേരിടുന്നുണ്ടു്. ഇവയ്ക്കു പരിഹാരം കണ്ടെത്താനായി കൂടുതൽ ശക്തരായി സമരരംഗത്തു വരുവാൻ കോട്ടയം കൺവൻഷൻ നമുക്കു പ്രചോദനമരുളും.

1977–ലെ തൃശ്ശൂർ കൺവൻഷനുശേഷം 1980–ലെ കോട്ടയം കൺവൻഷനിലെത്തുമ്പോൾ നമ്മുടെ സംഘടിതശക്തി വർദ്ധിച്ചിട്ടുണ്ടു്. സംയുക്ത സമരസമിതിയിലൂടെ അടുത്തകാലത്തു് ചില സുപ്രധാന നേട്ടങ്ങൾ നമുക്കുണ്ടായല്ലോ.

സംഘടന വളരുകയാണ്; ഒപ്പം ഉത്തരവാദിത്വങ്ങളും. ഈ ഒരു കാഴ്ചപ്പാടിൽ ഭാവി പ്രവത്തനങ്ങൾ ശക്തമാക്കാൻ കോട്ടയം കൺവൻഷൻ നമുക്കെല്ലാം ഒരാവേശമായിത്തീരട്ടെ.

# പുതിയ ഗവൺമെൻറിനോട്

കേരളത്തിൽ പുതുതായി അധികാരമേററിരിയ്ക്കുന്ന ഗവൺമെൻറ് പ്രൈവററ് കോളേജധ്യാപകരിൽ പ്രതീക്ഷ ഉണർത്തുന്നുണ്ട്. ജീവനക്കാരുടെ പ്രശ്നങ്ങളോട് അനുഭാവം രേഖപ്പെടുത്താനും അവകാശ സമരങ്ങളിൽ അവരോടൊത്തു നിൽക്കാനും താൽപ്പര്യമുള്ളവരാണ ഇന്ന് ഗവൺമെൻറിലുള്ളത്. അതുകൊണ്ട് പ്രൈവററ് കോളേജധ്യാപകരെ നേരിടുന്ന പ്രശ്നങ്ങൾ ഈ ഗവൺമെൻറിന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ ഒട്ടുമിക്കതിലും നടപ്പിലാക്കിയ യു.ജി.സി. സ്കെയിൽ കേരളത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല കഴിഞ്ഞ ആറുവർഷമായി നിരവധി സമരങ്ങളിലൂടെ ഉന്നയിയ്ക്കുന്ന ഈ ആവശ്യം എത്രയും പെട്ടെന്നുതന്നെ പുതിയ ഗവൺമെൻറ് അംഗീകരിക്കുമെന്നാണ് പ്രതീക്ഷ യു. ജി. സി. സ്കെയിലിനുവേണ്ടിയുള്ള സമരത്തോടനുബന്ധിച്ച് ഞങ്ങൾക്കു കിട്ടിയിട്ടുള്ള വലിയൊരു ശിക്ഷയാണ്, ഒരു ദിവസത്തെ പണിമുടക്കിന് രണ്ടുമാസ ശമ്പളം തടയുന്ന കരിനിയമം. ഒരു പുരോഗമന സർക്കാരിനും ഭൂഷണമല്ലാത്ത ഈ നിയമം എത്രയും പെട്ടെന്നു തന്നെ എടുത്തു കളയേണ്ടതുണ്ട്. അതുപോലെ ജീവനക്കാരെ ആകമാനം ബാധിക്കുന്നതായി ഇവിടെ നിലനിന്നു പോരുന്ന 'ഡയ്സ്നോൺ' അവസാനിപ്പിക്കാനും ഈ ഗവൺമെൻറ് തയാറാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ജൂനിയർ ലക്ചറർ സർവ്വീസ് കൂടി നോൺ–കേഡർ പ്രൊഫസർ ഷിപ്പിന് പരിഗണിയ്ക്കുക, നോൺകേഡർ ഫസ്ററ് ഗ്രേഡ് പ്രൊഫസർഷിപ്പനുവദിയ്ക്കുക, ഫിസിക്കലെഡ്യൂക്കേഷൻ അദ്ധ്യാപകരെ തരംതാഴ്ത്തിയ നടപടി റദ്ദുചെയ്യുക. ഗവൺമെൻറ് കോളേജധ്യാപകർക്ക് അനുവദിച്ചിട്ടുള്ള ചികിൽസാ സംബന്ധമായ ആനുകൂല്യങ്ങൾ പ്രൈവററ് കോളേജധ്യാപകർക്കും അനുവദിയ്ക്കുക എന്നീ ആവശ്യങ്ങൾ അസോസിയേഷൻ വളരെക്കാലമായി ഉന്നയിക്കുന്നവയാണ്. അതോടൊപ്പം, ഷിഫ്ററ് സമ്പ്രദായം നിലവിൽ വന്നതോടെ നിയമിതരായ അധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചതിൽ നിന്നുണ്ടായ പ്രശ്നങ്ങളുമുണ്ട്. ഇവയ്ക്കെല്ലാം എത്രയും പെട്ടെന്നുതന്നെ പരിഹാരം ഉണ്ടാകേണ്ടിയിരിയ്ക്കുന്നു.

സമരത്തിലൂടെ ഞങ്ങൾ നേടിയെടുത്ത പല അവകാശങ്ങളും ഇന്നു നഷ്ടപ്പെട്ടിരിയ്ക്കുകയാണ്. സേവന ഭദ്രത ഫലത്തിൽ പ്രൈവററ് കോളേജധ്യാപകന് ഇന്നില്ലാതായിരിയ്ക്കുന്നു. ഭരണഘടനയിലെ ആർട്ടിക്കിൾ 30(1) എന്ന പാറക്കല്ലിൽത്തട്ടി അധ്യാപകൻെറ ന്യായമായ അവകാശങ്ങൾ തകർന്നു പോകുന്ന സാഹചര്യം ഒഴിവാക്കപ്പെടണം. വിദ്യാഭ്യാസ രംഗമാകെ നിറഞ്ഞുനിൽക്കുന്ന അഴിമതിയെക്കുറിച്ച് ഞങ്ങൾ പ്രത്യേകം എഴുതേണ്ടതില്ല അധ്യാപകനിയമനത്തിനും, സ്ഥലംമാററത്തിനും, സ്ഥലംമാററാതിരിക്കുന്നതിന്നും കോഴ കൊടുക്കണം. വിദ്യാർത്ഥി പ്രവേശനത്തിനും കോഴ നിലനിൽക്കുന്നു ഈ സാഹചര്യത്തിന്ന് ഒരറുതി വരുത്തേണ്ടതുണ്ട്.

അവകാശസമരങ്ങളുടെ പാതയിൽ നിന്നുകൊണ്ട് എ. കെ. പി. സി. ടി. എ. ഏറെക്കാലമായി ഉന്നയിയ്ക്കുന്ന ആവശ്യങ്ങളാണ് മുകളിൽ കുറിച്ചത്. പുതിയ ഗവൺമെൻറ് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം.

# എ. കെ. പി. സി. ടി. എ. ഒരവലോകനം

ആർ. ആർ. സി.

കഴിഞ്ഞ രണ്ടു ദശകങ്ങളിലായി പരന്നു കിടക്കുന്ന കേരളത്തിലെ പ്രൈവററ് കോളജ് അദ്ധ്യാപകരുടെ സമരേതിഹാസം തന്നെയാണ് അവരുടെ സംഘടിത പ്രസ്ഥാനമായ എ. കെ. പി. സി. ടി. എ. യുടെയും ചരിത്രം. 1932-ൽ തന്റെയും സഹപ്രവർത്തകരുടേയും ശമ്പളം മാനേജ്മെൻറ് ഒരു കാരണവുമില്ലാതെ വെട്ടിക്കുറച്ചപ്പോൾ ആ അനീതിക്കെതിരെ ശബ്ദമുയർത്തിയ പ്രൊഫ: എം. പി. പോളിന്ന് അവസാനം ജോലി രാജിവെച്ചു പോരേണ്ടിവന്ന നിമിഷം കേരളത്തിലെ സ്വകാര്യകോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ച മുഹൂർത്തമാണെന്ന് പറയാം. കേരളത്തിൽ നാലോ അഞ്ചോ പ്രൈവററ് മാനേജ്മെൻറുകളും നൂറിൽ താഴെ അദ്ധ്യാപകരും ഉണ്ടായിരുന്ന ആ നാളുകളിൽ, ഊർജ്ജസ്വലമായ ഒരു സംഘടിത പ്രസ്ഥാനം ഉടലെടുത്തിട്ടില്ലാത്ത അക്കാലത്ത് പോൾ സാറിന്ന് മാനേജ്മെൻറിന്റെ ധിക്കാരത്തെ ചെറുത്തു നിൽക്കുവാനുള്ള സാഹചര്യമില്ലായിരുന്നു. 'സേവനം' നടത്തുവാൻ വിധിക്കപ്പെട്ടിട്ടുള്ള സ്വകാര്യ കോളേജ് മാനേജ്മെൻറുകൾ അവരുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് സേവന ഭദ്രത വേണമെന്ന് കേട്ടാൽ കലി തുള്ളും എന്നത് എന്നത്തേയുംപോലെ ഇന്നും ഒരു വസ്തുതയാണ്. പക്ഷെ, അവരുടെ ഹാലിളക്കങ്ങൾക്ക് ഒട്ടൊക്കെ കടിഞ്ഞാണിടാനും, "പാണൻനായുടെ പല്ലിനു ശൗര്യം പണ്ടേപ്പോലെ ഫലി"ക്കാതാക്കാനും നമ്മുടെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വ്യവസായ മുതലാളിമാരുടെ ഹീനമായ ലാഭതൃഷ്ണയെ കവച്ചുവെക്കുന്ന പണക്കൊതിയും, അവരനുവർത്തിക്കുന്ന തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങളെ അതിശയിപ്പിക്കുന്ന അദ്ധ്യാപക മർദ്ദനവും സവിശേഷ സ്വഭാവങ്ങളായിട്ടുള്ള സ്വകാര്യകോളേജ് മാനേജ്മെൻറുകൾക്ക് ഒരു പേടിസ്വപ്നമായിത്തന്നെ നമ്മുടെ സംഘടന വളർന്നു വികാസം കൊണ്ടിരിക്കുന്നു.

## ഉത്ഭവം

1958 ഡിസംബർ 21-ാം തീയതി എറണാകുളം സെൻറ് ആൽബേർട്ട്സ് കോളേജിൽവെച്ചാണ് എ. കെ. പി. സി. ടി. എ. രൂപീകരിക്കപ്പെട്ടത്. പ്രൈവററ് കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന് ബീജാവാപം ചെയ്തത് പ്രൊ. എം. പി. പോളായിരുന്നു. അദ്ദേഹം തുടങ്ങിവെച്ച സംഘടിത പ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോയത് തിരുവനന്തപുരം എം. ജി. കോളേജ് ലക്ചറർ ആയിരുന്ന ശ്രീ. വിജയൻനായരാണ്. ഈ പ്രസ്ഥാനത്തിന്ന് വ്യക്തമായ ഒരു സംഘടനാരൂപമുണ്ടായത് 1952 മാർച്ച് 16-ാം തീയതിയാണ്. അന്ന് തിരുവനന്തപുരത്ത് നടന്ന കൺവൻഷനിൽ വെച്ച് തിരുവിതാംകൂർ യൂണിവേഴ്സിററി പ്രൈവററ് കോളേജ് ടീച്ചേഴ്സ് യൂണിയൻ രൂപമെടുത്തു. കൊല്ലം എസ്. എൻ കോളേജ് പ്രിൻസിപ്പലായിരുന്ന ശ്രീ. എ. രാമയ്യരായിരുന്നു ആദ്യത്തെ പ്രസിഡൻറ്. 1956 ൽ സംഘടനയുടെ പേര് ട്രാവൻകൂർ യൂണിവേഴ്സിററി പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കിമാററി. 1957-ൽ തിരുവനന്തപുരത്തു നടന്ന രണ്ടാമത്തെ കൺവൻഷനിൽവെച്ച് ഈ സംഘടന കേരള പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (K. P. C. T. A) എന്നായി രൂപാന്തരപ്പെട്ടു. 1957-ൽ തന്നെ കൊച്ചി മലബാർ പ്രദേശത്ത് പരേതനായ പ്രൊഫ: നാരായണസ്വാമി, പ്രൊഫ: വി. ആർ. സുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിൽ മലബാർ കൊച്ചിൻ

പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (M. C. P. C. T. A) എന്നൊരു സംഘടന നിലവിൽവന്നു. ഈ രണ്ടു സംഘടനകളും സംയോജിച്ചാണ് 1958-ൽ എ. കെ. പി സി ടി. എ ജന്മമെടുത്തത്. പരേതനായ പ്രൊഫ: പി സി. ജോസഫ് (സെൻറ് തോമസ് കോളേജ്, പാലാ) പ്രൊ: കെ. വേലായുധൻനായർ (എസ് എൻ. കോളേജ്, കൊല്ലം), പ്രൊ: വി. ആർ സുബ്രഹ്മണ്യൻ (സെൻറ് തോമസ് കോളേജ്, തൃശൂർ) തുടങ്ങിയവരാണ് ഈ ലയനസംരംഭത്തിന് മുൻകൈ എടുത്ത് A. K. P. C. T. A സ്ഥാപിച്ച നേതാക്കൾ. കേരളത്തിലുടനീളമുള്ള പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ അങ്ങിനെ ഇദംപ്രഥമമായി ഒരു കൊടിക്കീഴിൽ അണിനിരന്നു.

1958-ൽ കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ എല്ലാത്തരത്തിലും കരുണയർഹിക്കുന്ന ഒരു വിഭാഗമായിരുന്നു. തുച്ഛമായ വേതനം, സദാപി തലയ്ക്ക് മുകളിൽ തൂങ്ങി നിൽക്കുന്ന പിരിച്ചുവിടൽ ഭീഷണി, ശമ്പളവിതരണത്തിൽ കൃത്യതയില്ലായ്മ തുടങ്ങി പരശ്ശതം പരാധീനതകളായിരുന്നു അവരെ നേരിട്ടിരുന്നത്. സംഘടിത പ്രവർത്തനത്തിൻെറ ഫലമായി ഈ അവശതകളിൽ ചിലതിനൊക്കെ ഗണ്യമായ പരിഹാരം ഇന്ന് ഉണ്ടായിട്ടുണ്ട്. 1958-ൽ A. K. P. C. T. A രൂപീകൃതമായ കാലത്ത് പ്രൈവറ്റ് കോളേജ് അദ്ധ്യാപകൻെറ ശമ്പളം വെറും 125 രൂപയായിരുന്നു. (അതിനുമുമ്പ് 100-5-150-200 എന്നായിരുന്നു ശമ്പളസ്കെയിൽ. 100 രൂപ എന്ന അടിസ്ഥാനശമ്പളത്തോടൊപ്പം ഐകരൂപ്യമില്ലെങ്കിലും തുച്ഛമായ ഒരു സംഖ്യ ക്ഷാമബത്തയായും മാനേജ്മെൻറുകൾ നൽകിയിരുന്നു. പിന്നീട് മററു തുറകളിൽ ജോലി ചെയ്തിരുന്നവരുടെ ശമ്പളവുമായി തട്ടിച്ചു നോക്കിയപ്പോൾ പ്രൈവറ്റ് കോളേജ് അദ്ധ്യാപകൻെറ ഈ ശമ്പളം തീരെ തുച്ഛമാണെന്ന് കണ്ടതിനാൽ ഉണ്ടായ ലജ്ജാഭാരംകൊണ്ടോ എന്തോ, തിരുവിതാംകൂർ യൂണിവേഴ്സിറ്റി ലക്ചറർമാരുടെ ശമ്പളം പരിഷ്ക്കരിച്ചു. 125-5-150-10-200 എന്നായിരുന്നു പരിഷ്ക്കരിച്ച സ്കെയിൽ. ഇതോടൊപ്പം യൂണിവേഴ്സിറ്റി ഏറ്റെടുക്കുക ചെയ്തു. അതുവരെ കിട്ടിക്കൊണ്ടിരുന്ന ക്ഷാമബത്ത തുടർന്നുകൊടുക്കേണ്ട കാര്യം മാനേജർമാരുടെ വിവേചനാധികാരത്തിന് വിട്ടുകൊടുത്തു. മാനേജർ വിവേചനാധികാരം ശരിക്കും ഉപയോഗിച്ചു! അതുവരെ പല മാനേജ്മെൻറുകളും കൊടുത്തിരുന്ന ക്ഷാമബത്ത മേലാൽ കൊടുക്കേണ്ടതില്ലെന്ന് മാനേജർമാർ ഏകകണ്ഠമായി തീരുമാനിച്ചു. (ക്രൂരമായ ഈ പരിഷ്ക്കാരത്തിൻെറ സാക്ഷിയാണ് ഈ ലേഖകൻ. യൂണിവേഴ്സിറ്റിയുടെ ശമ്പളപരിഷ്ക്കാരത്തിനുമുമ്പ് എനിക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളം 115 രൂപയും, ക്ഷാമബത്ത പത്തുരൂപയുമായിരുന്നു. പുതുക്കിയ ശമ്പളനിരക്ക് വന്നപ്പോൾ എൻെറ ശമ്പളം 125 രൂപയായി, ക്ഷാമബത്ത കിട്ടാതെയുമായി. ചുരുക്കത്തിൽ, ശമ്പളപരിഷ്ക്കാരംകൊണ്ടുണ്ടായ മൊത്തം വർദ്ധനവ് വട്ടപ്പൂജ്യം.) എന്നാൽ തുല്യയോഗ്യതയുള്ള സർക്കാർകോളേജ് അദ്ധ്യാപകൻ അക്കാലത്ത് തൻെറ സർവ്വീസ് ആരംഭിക്കുന്നത് തന്നെ 300 രൂപ (അലവൻസ്കളടക്കം) ശമ്പളത്തിലാണ്. ശമ്പളത്തിൻെറ കാര്യത്തിലും മററ് ആനുകൂല്യങ്ങളുടെ കാര്യത്തിലും സർക്കാർകോളേജ് അദ്ധ്യാപകർക്കും, പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്കും ഇടയിലുണ്ടായിരുന്ന ഈ വിവരണാതീതമായ വ്യത്യാസം ഇല്ലാതാക്കൽ സംഘടനയുടെ ആദ്യകാലപ്രവർത്തനങ്ങളുടെ ഒരു സുപ്രധാന ഭാഗമായിത്തീർന്നു. ശമ്പളപരിഷ്ക്കാരം, സേവനഭദ്രത, ഡയറക്ട് പേയ്മെൻറ്, റിട്ടയർമെൻറ് ആനുകൂല്യങ്ങൾ തുടങ്ങി പല അവകാശങ്ങളും നേരിടുന്നതിന് സംഘടനയുടെ കൊടിക്കീഴിൽ അണിനിരന്നുകൊണ്ട് നാം അനേകം സമരങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന ഈ പോരാട്ടങ്ങളെപ്പററി സവിസ്തരം പ്രതിപാദിക്കുവാൻ ഈ ചെറിയ ലേഖനത്തിൽ സാദ്ധ്യമല്ലെങ്കിലും നാം കയറിപ്പോന്ന പടവുകളിൽ സുപ്രധാനമായ ചിലവയെപ്പററി ഒരു ലഘുവിവരണം ഈ അവസരത്തിൽ പ്രസക്തം മാത്രമല്ല, ഏററ ആവശ്യവും ആണെന്ന് തോന്നുന്നു.

## ശമ്പള പരിഷ്ക്കരണം

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒരു സചേതന ഘടകമായ അദ്ധ്യാപകന് മാനമായി ജീവിക്കുന്നതിനുള്ള വേതനം നൽകേണ്ടത് വിദ്യാഭ്യാസത്തിൻെറ ഗുണപരമായ ഉന്നതിക്കു തന്നെ ആവശ്യമാണെന്ന വസ്തുത പ്രബുദ്ധ കേരളത്തിലെ വിദ്യാഭ്യാസ വ്യവസായികളും അധികാരികളും മനസ്സിലാക്കാൻ കൂട്ടാക്കാത്ത ഒരു സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. ഇന്നുമില്ലേ? കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയിലാണ് കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളത്. ഏതാണ്ട് 80 ശതമാനത്തോളം വരുന്ന ഈ സ്ഥാപനങ്ങളാണ് ഇവിടെ വിദ്യാഭ്യാസ വിതരണം നടത്തുന്നത്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മാനമായ ശമ്പളം കൊടുക്കണമെന്ന കാര്യം ഒരു പ്രസ്ഥാനത്തിൻെറ സമ്മർദ്ദങ്ങളില്ലാതെ തന്നെ സർക്കാരിനും മററധികാരികൾക്കും തോന്നേണ്ടതായിരുന്നു. പക്ഷേ, ഇവിടെ നിലവിലുള്ള സാമൂഹ്യക്രമത്തിൽ ആവശ്യങ്ങളറിഞ്ഞ് ആനുകൂല്യങ്ങളനുവദിക്കുക എന്ന ഒരു സമ്പ്രദായമില്ലാത്തതിനാൽ ഏററവും ന്യായവും മിതവുമായ ആവശ്യങ്ങൾ പോലും സംഘടിത പ്രസ്ഥാനത്തിലൂടെ വില പേശി വാങ്ങേണ്ട സ്ഥിതിയാണല്ലോ. സർക്കാർ കോളേജ് അദ്ധ്യാപകർക്ക് മുന്നൂറു രൂപ ശമ്പളം തുടക്കത്തിൽ അനുവദിച്ചപ്പോൾ അത്ര തന്നെ യോഗ്യതകളും പരിചയ സമ്പന്നതയും ഉള്ളവരും, അതേ ജോലി തന്നെ ചെയ്തിരുന്നവരുമായ സ്വകാര്യ കോളേജ് അദ്ധ്യാപകർ 125 രൂപ ശമ്പളത്തിൽ തുടങ്ങിയാൽ മതിയെന്ന് യൂണിവേഴ്സിററി തീരുമാനിച്ചു. സർക്കാർ കോളേജുകളേക്കാൾ മികച്ച നിലവാരം തങ്ങളുടെ കോളേജുകൾക്കാണ് ഉള്ളതെന്ന് പെരുമ്പറ അടിക്കാനുള്ള സ്വകാര്യ കോളേജ് മാനേജ്മെണ്ടുകളല്ലാതെ, കൂടുതൽ മെച്ചപ്പെട്ട നിലവാരം സൃഷ്ടിക്കുവാൻ കാരണക്കാരായ അദ്ധ്യാപകർക്ക് സർക്കാർ കോളേജ് അദ്ധ്യാപകരെക്കാൾ കൂടുതലല്ലെങ്കിലും അവരുടേതിന് തുല്യമായ ശമ്പളമെങ്കിലും കൊടുക്കണമെന്ന് ചിന്തിച്ചത് പോലുമില്ല. പ്രൈവററ് കോളേജ് ജീവനക്കാരുടെ ശമ്പളക്കാര്യത്തിൽ യാതൊരു ചുമതലയുമില്ലെന്ന നിസ്സംഗഭാവമാണ് സർക്കാരും കൈക്കൊണ്ടത്. ഇക്കാര്യത്തിൽ ഗവൺമെൻറിനു കൂടി ചുമതലയുണ്ടെന്ന തത്വം ആദ്യമായി അംഗീകരിച്ചത്, ഇ. എം. എസിൻെറ നേതൃത്വത്തിലുണ്ടായിരുന്ന 1958-ലെ കമ്യൂണിസ്ററ് മന്ത്രിസഭയായിരുന്നു. ഇദംപ്രഥമമായി പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് ഗവൺമെൻററ് കോളേജ് അദ്ധ്യാപകരുടേതിന് തുല്യമായ ക്ഷാമബത്ത നൽകാനായി 5 ലക്ഷംരൂപ നീക്കിവെച്ചത് അന്നാണ്. പക്ഷെ അധികകാലം അത് നീണ്ടുനിന്നില്ല. 125 രൂപയിൽ തുടങ്ങി ആദ്യത്തെ അഞ്ചു കൊല്ലം പ്രതിവർഷം അഞ്ചു രൂപയുടെ വർദ്ധനവും പിന്നത്തെ അഞ്ചു കൊല്ലം പത്തു രൂപയുടെ വാർഷിക വർദ്ധനയുമായി, മൊത്തം പത്തുകൊല്ലം പണിയെടുത്താൽ 200 രൂപ എന്ന ശമ്പളത്തിലെത്തുന്ന പ്രൈവററ് കോളേജ് അദ്ധ്യാപകൻ, അയൽപക്കത്തെ സർക്കാർ കോളേജ് അദ്ധ്യാപകൻ ഇതേ കാലം കൊണ്ട് 300–ൽ തുടങ്ങി 600–ൽ ചെന്നെത്തി നിൽക്കുന്ന കാഴ്ച ഹൃദയ വേദനയോടെ (അസൂയകൊണ്ടല്ല, സ്വന്തം പരാധീനതയോർത്ത്) നോക്കി നിൽക്കേണ്ട സ്ഥിതിവിശേഷം! പ്രൈവററ് കോളേജ് അദ്ധ്യാപകൻ 5 രൂപ വാർഷിക ഇംക്രിമെണ്ട് വാങ്ങിക്കൊണ്ടിരുന്ന ഇതേ കാലഘട്ടത്തിൽ ഗ്രാജുവേററ് അദ്ധ്യാപകന് $7\frac{1}{2}$ രൂപയായിരുന്നു. ഇംക്രിമെണ്ട് എന്ന വസ്തുത കൂടി ഇവിടെ സ്മരണീയമാണ്. മാത്രമല്ല, അക്കാലത്ത് ക്ഷാമബത്ത നിഷേധിക്കപ്പെട്ടിരുന്ന ഇന്ത്യയിലെ ഏക വിഭാഗം ജീവനക്കാർ കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകരായിരുന്നു.

ഈ അനീതി, സാമാന്യബുദ്ധിക്ക് നിരക്കാത്ത ഈ വിവേചനം ഇന്നാട്ടിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് വളരെക്കാലം നിലനിന്നു. A. K. P. C. T. A ഉടലെടുത്ത നാളുകളിൽ ഈ അനീതി അവസാനിപ്പിക്കുക എന്നതായിരുന്നു സംഘടനയുടെ മുഖ്യ കർത്തവ്യം. തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം നടപ്പാക്കി കിട്ടുന്നതിനായി കുറച്ചൊന്നുമല്ല നമുക്ക് അദ്ധ്വാനിക്കേണ്ടി വന്ന

ത് നമ്മുടെ ഐതിഹാസിക സമരങ്ങളുടെ തുടക്കവും ഇവിടെ നിന്നുതന്നെ.

സമൂഹത്തിലെ ഉന്നത ശ്രേണികളിൽ മരുവുന്നവരെന്ന് നമ്മെപ്പററി പറയാറുള്ള സമൂഹവും ഭരണകർത്താക്കളും നമ്മുടെ പരാധീനതകളെക്കുറിച്ച് ഏറെയൊന്നും അറിഞ്ഞിരുന്നില്ല. ഇതു സംബന്ധിച്ച് നിവേദനപത്രികകളും, സങ്കടഹർജികളും എഴുതി സമർപ്പിക്കുക എന്നത് നമ്മുടെ സംഘടനയുടെ നിത്യതൊഴിലായിരുന്നു. ഇതുകൊണ്ടൊന്നും ഭരണകേന്ദ്രങ്ങൾ കനിഞ്ഞില്ല. കോൺവൊക്കേഷൻ വേഷത്തിൽ 1961 ഫെബ്രുവരിയിൽ നാം തലസ്ഥാന നഗരിയിൽ ഒരു മൂക പ്രകടനം നടത്തി ചരിത്രത്തിലാദ്യമായി കോളേജദ്ധ്യാപകൻ തെരുവിലിറങ്ങി പ്രകടനം നടത്തിയത് അന്നായിരുന്നു. അദ്ധ്യാപകൻ വെറും 'തൊഴിലാളി'കളെപ്പോലെ തെരുവിലിറങ്ങി പ്രകടനം നടത്തിയത് യാഥാസ്ഥികരായ ഒരു വിഭാഗം വിക്ടോറിയൻ വിശുദ്ധൻമാർക്ക് രസിച്ചില്ല അച്ചടക്കം പരിശീലിപ്പിക്കേണ്ട അദ്ധ്യാപകൻ അനുസരണക്കേട് കാണിക്കുന്നത് 'കലികാല വൈഭവവും', 'ധർമ്മച്യുതി'യുമായി അവർ ചിത്രീകരിച്ചു. അദ്ധ്യാപകന്റെ സ്ഥിതി എത്ര ദയനീയമാണെങ്കിലും ഇതൊന്നും അത്ര ശരിയല്ലെന്ന് ചില പത്രങ്ങളും എഴുതി. പക്ഷെ, നമ്മുടെ പ്രശ്നത്തിന്ന് ഒരു പരിഹാരവും ഉണ്ടായില്ല 1961 ലെ മാർച്ച് പരീക്ഷാ ജോലികൾ നാം ബഹിഷ്ക്കരിച്ചു, അനൽപമായ കുററബോധത്തോടെതന്നെ. വിശേഷിച്ച് ഒരു ഫലവുമുണ്ടായില്ല. പ്രൈവററ് കോളേജദ്ധ്യാപകർക്ക് രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്തെ യു. ജി. സി ശമ്പളനിരക്കുകൾ അനുവദിക്കാമെന്ന് കേരള യൂണിവേഴ്സിററി എഴുതിത്തന്ന വാഗ്ദാനങ്ങൾ വീൺവാക്കുകളായി.

ദീർഘമായ കാത്തിരിപ്പുകൊണ്ട് മനംമടുപ്പും നിസ്സഹായതയും മാത്രം കൈമുതലായി അവശേഷിച്ച അദ്ധ്യാപകർ തുല്യ ശമ്പളത്തിനും (Parity), മെച്ചപ്പെട്ട സേവന വ്യവസ്ഥകൾക്കും, റിട്ടയർമെണ്ട് ആനുകൂല്യങ്ങൾക്കും വേണ്ടി A. K. P. C. T. A യുടെ നേതൃത്വത്തിൽ ഒരു പണിമുടക്കിലേക്ക് നീങ്ങുവാൻ തന്നെ നിർബന്ധിതരായി. 1961 നവമ്പർ 12 ന് എറണാകുളത്തുകൂടിയ സ്റേററ് കൗൺസിൽ യോഗം 1962 ജനുവരി 10 മുതൽ പ്രത്യക്ഷസമരപരിപാടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു.

പണിമുടക്കു സമരത്തിന്റെ സന്നാഹങ്ങളാരംഭിച്ചപ്പോൾ അന്നത്തെ ഉപമുഖ്യമന്ത്രിയായിരുന്ന ശ്രീ ആർ. ശങ്കറും ചില നിയമസഭാ സാമാജികരും മുൻകയ്യെടുത്ത് ഒത്തുതീർപ്പ് ശ്രമങ്ങളാരംഭിച്ചു. ആയിടക്ക് തിരുവനന്തപുരത്തെത്തിയ യൂണിയൻ വിദ്യാഭ്യാസമന്ത്രി ഡോ. ശ്രീമാലിയെക്കണ്ട് A. K. P C. T. A പ്രതിനിധികൾ നിവേദനം നടത്തി. മുഖ്യമന്ത്രി പട്ടം താണുപിള്ളയുമായി അദ്ദേഹം പ്രശ്നത്തെപ്പററി സംസാരിച്ചു. കേരള യൂണിവേഴ്സിററി വൈസ് ചാൻസലർ ശ്രീ. കെ. സി. കെ. ഇ രാജ, അദ്ധ്യാപക പ്രതിനിധികളുടെയും മാനേജ്മെൻറ്, സിണ്ടിക്കേററ് പ്രതിനിധികളുടേയും ഒരു സമ്മേളനം വിളിച്ചുകൂട്ടി യു. ജി. സി. സ്കെയിലുകൾ നടപ്പിലാക്കുമ്പോൾ വരുന്ന അധികച്ചെലവിന്റെ 37½% ഗവൺമെൻറ് വഹിക്കാൻ തയ്യാറാണെന്ന് സമ്മതിച്ചതായി വൈസ് ചാൻസലർ അറിയിച്ചു. ചെലവിന്റെ 12½% തങ്ങൾ വഹിച്ചുകൊള്ളാമെന്ന് മാനേജർമാരും സമ്മതിച്ചു. ക്ഷാമബത്തയുടെ കാര്യത്തിൽ വ്യക്തമായ ഒരു ഉറപ്പും ലഭിക്കാത്തിടത്തോളം കാലം പണിമുടക്ക് നിർത്തിവെക്കുവാൻ സാദ്ധ്യമല്ലെന്ന് സംഘടന തീരുമാനിച്ചു. അന്നത്തെ ആഭ്യന്തര കാര്യമന്ത്രിയായിരുന്ന പി. ടി. ചാക്കോയുടെയും ഉപമുഖ്യമന്ത്രി ശങ്കറിന്റെയും പ്രത്യേക താൽപര്യവും സമ്മർദ്ദവും മൂലം മുഖ്യമന്ത്രി പട്ടം കോൺഫറൻസ് വിളിച്ചുകൂട്ടി. നമ്മുടെ പ്രശ്നങ്ങളോട് അനുഭാവമുണ്ടെന്ന് പ്രസ്താവിച്ചതോടൊപ്പംതന്നെ അദ്ധ്യാപകർ പണിമുടക്കുക എന്ന ആശയത്തെ അദ്ദേഹം അപലപിച്ചു. യു. ജി. സി. ശമ്പളനിരക്ക് അനുവദിക്കാമെന്നും, മൂന്നു മാസത്തിനുള്ളിൽ ക്ഷാമബത്ത സംബന്ധിച്ച ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാൻറ്-ഇൻ-എയിഡ്-കോഡ് നട

പ്പാക്കാമെന്നും അദ്ദേഹം ഉറപ്പുതന്നതിന്റെ പശ്ചാത്തലത്തിൽ പൊതുപണിമുടക്ക് നാം തൽക്കാലം ഉപേക്ഷിച്ചു കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ എന്നും കൃതജ്ഞതയോടെ ഓർക്കേണ്ട ഒരു കാര്യം ഇവിടെ കുറിക്കട്ടെ യു. ജി. സി നിരക്ക് ശമ്പളം നൽകുന്നതിന് സഹായകമായ തരത്തിൽ ഒരു ധനസഹായപദ്ധതി യു. ജി. സി. യെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ മുഖ്യ പ്രേരക ശക്തിയായി വർത്തിച്ചത് കേരളം കണ്ടതിൽ വച്ച് ഏറ്റവും പ്രഗൽഭനായ വിദ്യാഭ്യാസ മന്ത്രി പ്രൊഫ: മുണ്ടശ്ശേരിയായിരുന്നു. അതിന്റെ പ്രയോക്താവോ അന്നത്തെ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന മഹാനായ ഡോ: ജോൺമത്തായിയും.

അദ്ധ്യാപകർ പണിമുടക്ക് നോട്ടീസ് കൊടുക്കുകയും പണിമുടക്കു സംബന്ധിച്ച് പ്രാരംഭപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു എന്നത് പല മാനേജ്മെന്റുകൾക്കും സഹിക്കാവുന്ന ഒന്നായിരുന്നില്ല. തങ്ങളുടെ അധീശാധികാരങ്ങളെ ചോദ്യം ചെയ്യാനും, തങ്ങളുടെ അധികാരപ്രമത്തതയെ ചെറുത്തുനിൽക്കുവാനും പോന്ന ഒരു സംഘടിത ശക്തിയുടെ ഉദയം ചക്രവാളങ്ങളിൽ കണ്ട് അവർ കലിതുള്ളിത്തുടങ്ങി. ഗത്യന്തരമില്ലാതെ പ്രത്യക്ഷ സമരത്തിന്റെ വക്കത്തെത്തിയ അദ്ധ്യാപകരെ പണിമുടക്ക് നോട്ടീസിൽ ഒപ്പുവെച്ചതിന്റെ പേരിൽ ദ്രോഹിക്കുകയില്ലെന്ന് ഉറപ്പുതന്ന യൂണിവേഴ്സിറ്റിയെ സാക്ഷിനിർത്തിത്തന്നെ സമുദായത്തിന്റെയും, മതത്തിന്റെയും ജാതിയുടെയും പിൻബലമുള്ള മാനേജ്മെന്റുകൾ അദ്ധ്യാപകദ്രോഹ നടപടികൾ ആരംഭിച്ചു. യു. ജി. സി. ശമ്പളനിരക്കുകൾ നടപ്പാക്കുമ്പോൾ വരുന്ന അധികച്ചെലവിന്റെ 12½% മാനേജുമെന്റുകൾ വഹിക്കുമെന്ന് സമ്മതിച്ചതായിരുന്നുവല്ലോ. എൻ. എസ്. എസ്. ഉൾപ്പെടെയുള്ള ചില മാനേജ്മെന്റുകൾ ഈ വാഗ്ദാനം സമർത്ഥമായിത്തന്നെ നിറവേറ്റി. യു. ജി സി നിരക്കിലുള്ള മുഴുവൻ ശമ്പളത്തിനും ഒപ്പിട്ടുകൊടുക്കണമെന്നും 12½% കണ്ട് കുറഞ്ഞ സംഖ്യമാത്രമേ കൊടുക്കുകയുള്ളുവെന്നും അവർ ശഠിച്ചു. പണിമുടക്ക് സന്നാഹത്തിന് നേതൃത്വം കൊടുത്ത അദ്ധ്യാപകരെ എൻ. എസ്. എസ്. മാനേജ്മെന്റ് സ്ഥലംമാറ്റം എന്ന ആയുധമുപയോഗിച്ച് നിർവീര്യമാക്കാൻ വൃഥാ ശ്രമം നടത്തി. മാനേജ്മെന്റിന്റെ നഗ്നമായ വാഗ്ദാന ലംഘനത്തെ തുറന്ന് കാട്ടിക്കൊണ്ട്, ഗവർമ്മെൻറിനും, യൂണിവേഴ്സിറ്റിക്കും ഗ്രാൻറ്സ് കമ്മീഷനും നിവേദനങ്ങൾ സമർപ്പിച്ചതിന്റെ പേരിൽ ഈ ലേഖകനെയും പെരുന്ന എൻ എസ്. എസ്. കോളേജിൽനിന്ന് റിട്ടയർചെയ്ത പ്രൊഫ: രാഘവക്കുറുപ്പിനെയും പ്രതികാരനടപടിയെന്ന നിലയിൽ മലബാർ പ്രദേശത്ത് ആദ്യമായി ആരംഭിച്ച ഒറ്റപ്പാലം എൻ. എസ്. എസ് കോളേജിലേക്ക് സ്ഥലംമാറ്റി. ഉദ്ദേശം രണ്ടായിരുന്നു. ഒന്ന്, സ്ഥലംമാറ്റം കൊണ്ട് വ്യക്തിപരവും കുടുംബപരവുമായ അസൗകര്യങ്ങളുണ്ടാക്കുക എന്ന ദണ്ഡനമുറ നടപ്പാക്കുക; രണ്ട്, പുതുതായി ആരംഭിച്ചതിനാൽ യു. ജി. സി. ശമ്പളപദ്ധതിയുടെ പരിധിയിൽ വരാത്ത ഒറ്റപ്പാലം കോളേജിലേക്ക് മാറ്റുന്നത് വഴി യു. ജി. സി. ശമ്പളനിരക്കുകൾ ഞങ്ങൾക്ക് നിഷേധിക്കുക. A. K. P. C. T. A, എൻ. എസ്. എസ് കോളേജിലെ ഈ സ്ഥിതിവിശേഷം വൈസ് ചാൻസലറെ അറിയിച്ചു. സ്ഥലം മാറ്റുന്നത് തടയാൻ യൂണിവേഴ്സിറ്റിക്ക് അധികാരമില്ല എന്ന സാധാരണ ഒഴിവുകഴിവിന്റെ മറവിൽ ഇക്കാര്യത്തിൽ വൈസ് ചാൻസലർ നിസ്സഹായത പ്രകടിപ്പിച്ചു. സ്ഥലംമാറ്റം മൂലം യു. ജി. സി. ശമ്പളം നിഷേധിക്കപ്പെടുന്നുണ്ടെങ്കിൽ അക്കാര്യത്തിൽ വേണ്ടതു ചെയ്യാമെന്ന് അദ്ദേഹം ഉറപ്പുതന്നു എന്നുമാത്രം. വൈരനിര്യാതന ബുദ്ധിയോടെ എൻ. എസ്. എസ്. മാനേജ്മെന്റ് നടത്തിയ കൂട്ടസ്ഥലംമാറ്റങ്ങളിൽ–മൊത്തം മുപ്പതിൽ കൂടുതൽ സ്ഥലംമാറ്റങ്ങൾ നടന്നിരുന്നു–പ്രതിഷേധിച്ച് നാം 1962 ആഗസ്റ്റ് 16–ാം തീയതി കേരളമൊട്ടാകെ പ്രതിഷേധ ദിനമാചരിച്ചു

ഗ്രാൻറ് ഇൻ എയിഡ് കോഡ് നടപ്പിലാക്കുക എന്നത് നാം അന്ന് ഉയർത്തിയ ഒരു

സു പ്രധാന മുദ്രാവാക്യമായിരുന്നു പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് മെച്ചപ്പെട്ട ശമ്പളം ലഭിക്കുവാൻ ഉതകുന്ന സംവിധാനമെന്നതിൽ കവിഞ്ഞ് ഇതിന് നമ്മെ സംബന്ധിച്ചിടത്തോളം മറെറാരു അർത്ഥവുംകൂടി ഉണ്ടായിരുന്നു. പ്രൈവററ് കോളേജിൻമേൽ സർക്കാരിനുകൂടി താൽപര്യമുണ്ടാവുന്ന ഒരു സ്ഥിതിവിശേഷം ഗ്രാൻറ് ഇൻ എയ്ഡ് കോഡ് നടപ്പാക്കുന്നതോടെ സംജാതമാവുമെന്ന് നാം പ്രതീക്ഷിച്ചു. യു. ജി. സി. ശമ്പള നിരക്ക് നടപ്പാക്കിയെങ്കിലും നിലവിൽ ഉണ്ടായിരുന്ന ശമ്പളനിരക്കും യു. ജി സി. നിരക്കും തമ്മിലുണ്ടായിരുന്ന വ്യത്യാസം ആണ്ടിലൊന്നോ രണ്ടോ തവണ ബോണസ്പോലെ കിട്ടിയിരുന്ന സ്ഥിതിമാറി മാസംതോറും യു. ജി. സി. നിരക്കിൽ ശമ്പളവും ഗവൺമെൻറ് നിരക്കിൽ ക്ഷാമബത്തയും ലഭിക്കുന്ന ഒരു സംവിധാനം ഉണ്ടാവുക എന്നതുകൂടി ഗ്രാൻറ് ഇൻ എയ്ഡ് കോഡിനുവേണ്ടിയുള്ള സമരത്തിൻെറ ആവശ്യമായിരുന്നു. ഗ്രാൻറ് ഇൻ എയ്ഡ് കോഡ് തയ്യാറാക്കുന്നതിനുവേണ്ടി സർക്കാർ നിയമിച്ച സ്പെഷൽ ഓഫീസർ മുമ്പാകെ A. K. P. C T. A. തയ്യാറാക്കിയ ഒരു കരടു കോഡും മററു സംസ്ഥാനങ്ങളിൽ നിലവിലുള്ള കോഡുകളുടെ കോപ്പികളും നാം പരിഗണനക്കായി സമർപ്പിച്ചു. അദ്ധ്യാപകർക്ക് യു. ജി. സി. നിർദ്ദേശിച്ച അഖിലേന്ത്യാ ശമ്പളസ്ക്കെയിൽതന്നെ നൽകണമെന്നും, സർക്കാർ നിരക്കിൽ ക്ഷാമബത്ത കിട്ടണമെന്നും റിട്ടയർമെൻറ് ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും ഗ്രാൻറ് ഇൻ എയ്ഡ് കോഡിൽ ഉൾക്കൊള്ളിക്കണമെന്നും നാം ആവശ്യപ്പെട്ടു.

നമ്മുടെ സംഘടിത പ്രവർത്തനങ്ങളുടെ ഫലമായി 1962 ഡിസംബർ 31-ാം തീയതി കേരള സർക്കാർ ഗ്രാൻറ് ഇൻ എയ്ഡ് കോഡ് നടപ്പിലാക്കി. യു. ജി. സി. നിരക്കിലുള്ള ശമ്പളവും ഗവൺമെൻറ് നിരക്കിലുള്ള ക്ഷാമബത്തയും നൽകുമ്പോൾ ഉണ്ടാകുന്ന ചെലവും മററു ചില അനുവദനീയ ചെലവുകളും മൊത്തം ചെലവും യഥാർത്ഥത്തിൽ പിരിച്ചുകൊണ്ടിരുന്നതിൽനിന്ന് ചുരുങ്ങിയ സാങ്കൽപിക സ്ററാൻഡേർഡ് ട്യൂഷൻ ഫീസ് വരുമാനമായി കണക്കാക്കിയാൽ ഉണ്ടാകുന്ന കമ്മിയുടെ 60% ഗ്രാൻറ് ആയി സർക്കാർ മാനേജ്മെൻറുകൾക്ക് നൽകുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. അങ്ങനെ 1958-ൽ താൽക്കാലികമായി ആരംഭിച്ച പ്രൈവററ് കോളേജ്രംഗത്തെ സർക്കാരിൻെറ സാമ്പത്തിക പ്രതിബദ്ധത ഗ്രാൻറ് ഇൻ എയ്ഡ്കോഡ് വന്നതോടെ ശാശ്വതമാക്കപ്പെട്ടു. പാരിററി എന്ന നമ്മുടെ ചിരകാല ലക്ഷ്യത്തിലേക്ക് അടുത്തെത്തിയെങ്കിലും ഈ ഗ്രാൻറ് ഇൻ എയ്ഡ്കോഡ് എന്ന സംവിധാനം പിൽക്കാലത്ത് നമ്മുടെ മുഖ്യപ്രശ്നങ്ങളിൽ ഒന്നായിരുന്ന ജൂനിയർ ലക്ചറർ തസ്തിക എന്ന വിന വരുത്തിവെച്ചു.

സർക്കാർ കോളേജ് ലക്ചററുമായി വേതന തുല്യത, സീനിയർ ലക്ചറർമാർക്ക് പ്രത്യേക ഗ്രേയ്ഡ്, ഫസ്ററ് ഗ്രേഡും സെക്കൻറ് ഗ്രേഡും പ്രൊഫസർമാർക്ക് ഏകീകൃത ശമ്പള നിരക്ക്, ജൂനിയർ ലക്ചറർ തസ്തിക നിർത്തലാക്കൽ, റിട്ടയർമെൻറ് ആനുകൂല്യങ്ങൾ തുടങ്ങി നമ്മുടെ പല ആവശ്യങ്ങളും അനുവദിക്കപ്പെടാതെ കിടന്നു. ഗ്രാൻറ് ഇൻ എയ്ഡ് കോഡ് നടപ്പാക്കുന്നതിൽ പല അപാകതകളും കടന്നുകൂടി. പല മാനേജ്മെണ്ടുകളും ശമ്പള കുടിശ്ശിക മുഴുവനും കൊടുക്കുവാൻ വിസമ്മതിച്ചു. പല കോളേജുകളിലും കൃത്യമായി ശമ്പളം കിട്ടുക എന്നത് വീണ്ടും സ്വപ്നമായിത്തന്നെ അവശേഷിച്ചു. മാന്യമായ വേതനത്തിനും, മാസംതോറും മുടങ്ങാതെ അത് ലഭിക്കുന്നതിനും വേണ്ടി നമുക്ക് സമരരംഗത്ത് ഇറങ്ങേണ്ടിവന്നു.

1964-ൽ ചരിത്രത്തിലാദ്യമായി യൂണിവേഴ്സിററി ഭരണസമിതിയിലേക്ക് അസോസിയേഷൻ ഔദ്യോഗിക സ്ഥാനാർത്ഥികളെ നിർത്തി മൽസരിച്ചു. സെനററിലേക്ക് അധ്യാപക നിയോജക മണ്ഡലത്തിൽ നിന്ന് പതിനൊന്ന് സ്ഥാനാർത്ഥികളിൽ പത്തുപേരും ; റജിസ്ട്രേഡ് ഗ്രാജുവേററ് മണ്ഡലത്തിൽ നിന്ന് നാലുപേരും തെരഞ്ഞെടുക്ക

8

പ്പെട്ടു. അന്നത്തെ നമ്മുടെ പ്രസിഡൻറായിരുന്ന പ്രൊഫ: വി. ആർ. എസ്. യൂണിവേഴ്സിററി സിൻഡിക്കേററിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. സിൻഡിക്കേററിൽ പ്രിൻസിപ്പാളല്ലാത്ത ഒരു പ്രൈവററ് കോളേജ് അദ്ധ്യാപകൻ അംഗമായത് അന്ന് ആദ്യമായിട്ടായിരുന്നു. യൂണിവേഴ്സിററി ഭരണസമിതിയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിലെ നമ്മുടെ വിജയം നമ്മുടെ പ്രസ്ഥാനത്തിൻെറ ജനസ്വാധീനതയും, നാം ഉന്നയിക്കുന്ന ആവശ്യങ്ങളുടെ ന്യായയുക്തതയും വിളിച്ചോതുന്നതായിരുന്നു.

കേരളഗവർണ്ണർക്കും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിക്കും കേരള വിദ്യാഭ്യാസമന്ത്രിക്കും നമ്മുളെ പരാധീനതകളെക്കുറിച്ച് നാം തുടരെ തുടരെ നിവേദനങ്ങൾ സമർപ്പിച്ചു. മുമ്പെന്നത്തെയും പോലെ ഇപ്പോഴും അധികാരസ്ഥാനങ്ങളിൽനിന്ന് അനുകൂല പ്രതികരണങ്ങളൊന്നും ഉണ്ടായില്ല. അവകാശ ദിനാചരണവും, പ്രതിഷേധ പ്രമേയങ്ങൾ പാസ്സാക്കലും കഴിഞ്ഞ് നാം വീണ്ടും പൊതു പണിമുടക്കിൻെറ രംഗത്ത് ഇറങ്ങാൻ തന്നെ തീരുമാനിച്ചു. 1965 ഫെബ്രുവരി 1 മുതൽ പണിമുടക്കുവാനുള്ള തീരുമാനവുമായി നാം സമര സജ്ജരായി. ലക്ചറർമാർക്ക് 250 – 500 എന്ന അഖിലേന്ത്യാ ഗ്രേയിഡ് ഇദംപ്രഥമമായി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആ കാഡറിലെങ്കിലും പാരിററി നൽകുകയും ചെയ്തതിൻെറ പശ്ചാത്തലത്തിൽ ഇത്തവണയും പൊതു പണിമുടക്ക് മാററിവെക്കാൻ നാം തീരുമാനിച്ചു. (ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഇതിനുമുമ്പ് അനുവദിച്ചുകിട്ടിയ യു. ജി. സി. ശമ്പളനിരക്ക് സംസ്ഥാനഗവർമ്മെണ്ട് വെട്ടിക്കുറച്ചശേഷമാണ് നമുക്ക് കിട്ടിയിരുന്നത്) ഇതിനിടയിൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ഇടക്കാലാശ്വാസം നമുക്കും ബാധകമാക്കണമെന്ന് നാം സർക്കാറിനോട് അപേക്ഷിച്ചു. 1–10–'65 മുതൽ പുതിയ സ്കെയിലും വർദ്ധിപ്പിച്ച ക്ഷാമബത്തയും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറത്തുവന്നതോടെതന്നെ മാനേജുമെണ്ടുകൾ കൂടുതൽ ധനസഹായം ഗവർമ്മെൻറിൽനിന്നു് കിട്ടിയാലല്ലാതെ ഇവ നടപ്പിലാക്കാൻ സാദ്ധ്യമല്ലെന്ന തടസ്സവാദമുന്നയിച്ചു. 'ദൈവം പ്രസാദിച്ചാലും പൂജാരി പ്രസാദിക്കില്ലെന്ന' നമ്മുടെ എക്കാലത്തെയും ശാപം ഇപ്പോഴു് നമ്മെ ചൂഴ്ന്നുനിന്നു. 12-6-'66നുമുമ്പ് പരിഷ്ക്കരിച്ച ശമ്പളസ്ക്കെയിലും ക്ഷാമബത്തയും നൽകിയില്ലെങ്കിൽ മാററിവെച്ച പ്രത്യക്ഷ സമരപരിപാടികൾ പുനരാരംഭിക്കണമെന്ന് നാം തീരുമാനിച്ചു. പതിവുപോലെ A.K.P.C.T.A. വീണ്ടും ഒരു പൊതുപണിമുടക്കിൻെറ വക്കിലെത്തി. മാനേജുമെൻറുകൾക്ക് നൽകിയിരുന്ന ഗ്രാൻറ് 60% ൽ നിന്ന് 80% മായി ഉയർത്തി സർക്കാർ ഇത്തവണയും നമ്മെ പണിമുടക്കിലേക്ക് നീക്കിയില്ല.

1966 ഏപ്രിലിൽ നാലാം പദ്ധതിയിലെ പുതുക്കിയ യു. ജി. സി. ശമ്പളസ്കെയിലുകൾ പ്രഖ്യാപിക്കപ്പെട്ടതോടെ ആ സ്കെയിലുകൾ ഈ സംസ്ഥാനത്തിലും നടപ്പിലാക്കിക്കിട്ടുന്നതിലുള്ള പ്രവർത്തനങ്ങളിൽ A.K.P.C.T.A. വ്യാപൃതമായി. പ്രൈവററ് കോളേജദ്ധ്യാപകർക്ക് ഇദംപ്രഥമമായി വേതനതുല്യത അനുവദിച്ചുകൊണ്ട്—ലക്ചറർ തസ്തികയിലെങ്കിലും—യു.ജി.സി. സ്കെയിൽ നടപ്പാക്കിയ അഡ്വൈസർ ശ്രീ. എൻ.ഇ. എസ്. രാഘവാചാരി ഇത്തവണയും നമ്മുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പ് തന്നു. 1966 സെപ്തംബർവരെ കാത്തിരുന്നിട്ടും സർക്കാർ കല്പനകളൊന്നും വരാതിരുന്നപ്പോൾ 1–10–'65 മുതൽ നിലവിൽവന്ന യു ജി സി. സ്കെയിലുകൾ എല്ലാ കോളേജുകളിലും നടപ്പിലാക്കിക്കിട്ടുന്നതിന്നും സേവന വ്യവസ്ഥകൾക്കും നാലാം പദ്ധതിക്കാലത്തെ യു ജി.സി. സ്കെയിലുകൾ ലഭിക്കുന്നതിനും സർവ്വോപരി ഡയരക്ട് പേമെൻറ് എന്ന തത്വം അംഗീകരിപ്പിക്കുന്നതിനുമായി അനിശ്ചിതകാലത്തേക്ക് പണിമുടക്ക് സമരത്തിലേർപ്പെടാൻ നാം തീരുമാനിച്ചു. ഡയരക്ട് പേമെൻറ് എന്ന ആവശ്യം നാം ആദ്യമായി മുന്നോട്ടുവെച്ചത് ഈ അവസരത്തിലാണ്. പണിമുടക്കിന്ന് നോട്ടീസ് നൽകിയതിനുശേഷം 1966 നവമ്പറിൽ ശ്രീ. രാഘവാചാരി ഒരു

ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടി. 1966 അവസാനത്തോടുകൂടി പുതിയ യു. ജി. സി. സ്കെയിലിനെപ്പററിയുള്ള സർക്കാറിന്റെ തീരുമാനം വെളിപ്പെടുത്തുന്നതാണെന്നും ഉറപ്പു നൽകപ്പെട്ടു. ശമ്പളം കുടിശ്ശിക വരുത്താതെ കൊടുക്കുന്നതാണെന്ന് മാനേജുമെന്റുകളും ഉറപ്പുനൽകിയതിനാൽ ഡയറക്ട് പേമെന്റ് എന്ന കാര്യത്തിൽ ആ ഘട്ടത്തിൽ നാം മുറുകെ പിടിച്ചില്ല. കൂട്ടത്തിൽ പറയട്ടെ, കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ട ഒരു നാമമാണ് ശ്രീ എൻ. ഇ. എസ്. രാഘവാചാരിയുടേത്. വേതനത്തിന്റെ കാര്യത്തിൽ, പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് സാരമായ നേട്ടങ്ങളുണ്ടായതെല്ലാം അദ്ദേഹത്തിന്റെ കാലത്തായിരുന്നു. 1967 ഫെബ്രുവരിയിൽ 1–4–'66 മുതൽ മുൻകാല പ്രാബല്യത്തോടെ സർക്കാർ പുതിയ യു ജി. സി. സ്കെയിലുകൾ നടപ്പിലാക്കി. ലക്ചറർ തസ്തികയിലടക്കം പല കാഡറുകളിലും ഗവർമ്മെണ്ട് കോളേജ് അദ്ധ്യാപകരുമായി പാരിററി അനുവദിച്ചുകൊണ്ടുള്ള ശമ്പളപരിഷ്ക്കാരം നമുക്ക് കരഗതമായി. ഇതിന്നുമുമ്പ് ലക്ചറർ തസ്തികയിൽ പാരിററി കൈവന്നു എന്ന് തോന്നിയെങ്കിലും ഗവർമ്മെൻറ് കോളേജ് അദ്ധ്യാപകരുടെ ശമ്പളനിരക്ക് സ്റ്റെയിററ് പേ റിവിഷൻമൂലം വർദ്ധിച്ചതിനാൽ കൈവന്ന പാരിററി വീണ്ടും വഴുതിപ്പോയിക്കൊണ്ടിരിക്കയായിരുന്നു. മെച്ചപ്പെട്ടശമ്പളത്തിനും തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം അംഗീകരിപ്പിക്കുന്നതിനുമായി A.K.P.C.T.A. യുടെ കൊടിക്കീഴിൽ അണിനിരന്നുകൊണ്ട് കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ നടത്തിയ കൂട്ടായ വിലപേശലിന്റെ ഒരു നിർണ്ണായകഘട്ടമായിരുന്നു ഇത്.

പക്ഷെ 1970 ഏപ്രിലിൽ ഒരു സംസ്ഥാനശമ്പള പരിഷ്ക്കരണം വന്നതോടെ '67 ൽ നമുക്ക് ലഭിച്ച പാരിററി ഒരു താൽക്കാലിക പ്രതിഭാസമായിത്തീർന്നു. ജൂനിയർ ലക്ചറർ, സെക്കണ്ട് ഗ്രേഡ് പ്രൊഫസർ എന്നീ തസ്തികകളിൽ ഗവർമ്മെൻറ്, പ്രൈവററ് കോളേജുകൾ തമ്മിൽ പ്രകടമായ അന്തരം ഈ ശമ്പളപരിഷ്ക്കരണം വരുത്തിവെച്ചു. മാത്രമല്ല, പതിനഞ്ചുകൊല്ലം ലക്ചറർ സർവ്വീസുള്ള എല്ലാ ഗവർമ്മെൻറ് കോളേജ് അദ്ധ്യാപകർക്കും സെക്കണ്ട്ഗ്രേഡ് നോൺ കേഡർ പ്രൊഫസർഷിപ്പ് ലഭിച്ചപ്പോൾ ഈ ആനുകൂല്യം നമുക്ക് കൈവന്നില്ല. അതിനാൽ പാരിററിക്കും നോൺ കേഡർ പ്രൊഫസർഷിപ്പിനും ഡയറക്ട് പേമെൻറിനും മററാവശ്യങ്ങൾക്കു വേണ്ടി 1970 ഒക്ടോബറിൽ പണിമുടക്കുവാൻതന്നെ നാം തീരുമാനിച്ചു. പണിമുടക്ക് നോട്ടീസ് കൊടുത്തതിനുശേഷം നടന്ന അനുരഞ്ജന സംഭാഷണങ്ങളുടെ ഫലമായി നോൺ കേഡർ പ്രൊഫസർഷിപ്പും പാരിററിയും നമുക്ക് അനുവദിക്കപ്പെട്ടു. ഡയറക്ട് പേമെൻറിന്റെ കാര്യത്തിൽ പത്മകുമാർ കമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശോധനയ്ക്കായി ഗവൺമെൻറ് തീരുമാനം മാററിവെച്ചു. താൽക്കാലികമായി പണിമുടക്ക് തീരുമാനം നാമും നീട്ടിവെച്ചു. അങ്ങിനെ 1–4–70 മുതൽ പൂർവകാല പ്രാബല്യത്തോടെ പരിഷ്ക്കരിച്ച ശമ്പളവും പാരിററിയും ഈ പണിമുടക്കു ഭീഷണിയിലൂടെ നമുക്കു ലഭിച്ചു.

1974–ൽ യു. ജി. സി. പ്രഖ്യാപിച്ച മെച്ചപ്പെട്ട ശമ്പള നിരക്കുകൾ നമുക്കിനിയും ലഭിച്ചിട്ടില്ല. ഇതിനുവേണ്ടി നിവേദനങ്ങളും സംഭാഷണങ്ങളും നടത്തിയതിനുശേഷം ഫലമില്ലെന്നു വന്നപ്പോൾ 1974 ഒക്ടോബർ 8-ാം തീയതി അഖില കേരളാടിസ്ഥാനത്തിൽ നാം ഒരു ദിവസത്തെ സൂചനാ പണിമുടക്കം നടത്തി. പണിമുടക്കിയ അദ്ധ്യാപകരുടെ ആ ദിവസത്തെ ശമ്പളം നഷ്ടപ്പെട്ടു. ഈ പ്രശ്നം അധികാരികളുടേയും പൊതുജനങ്ങളുടേയും അടിയന്തര ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായും യു. ജി സി. സ്കെയിലുകൾ നേടുന്നതിനുള്ള നമ്മുടെ സമര പ്രസ്ഥാനത്തിന്റെ ഭാഗമായും 1975 ഏപ്രിൽ–മെയ് യൂണിവേഴ്സിററി പരീക്ഷകൾ ബഹിഷ്ക്കരിക്കുവാൻ നാം തീരുമാനിച്ചു. എന്നാൽ ഒരു ദിവസത്തെ പരീക്ഷപോലും ബഹിഷ്കരിച്ചാൽ മുഴുവൻ വെക്കേഷൻ ശമ്പളവും നഷ്ടപ്പെടുമെന്ന നിർദ്ദാക്ഷിണ്യമായ ഗവൺമെൻറ് ഉത്തരവിന്റെയും, ഏത് തരത്തിലെങ്കിലും ബദൽ സംവിധാനങ്ങളേർപ്പെടുത്തി പരീക്ഷ നടത്തു

(ശേഷം 21–ാം പേജിൽ)



പ്രസിഡൻറ് പതാക ഉയർത്തുന്നു

# എ. കെ. പി. സി. ടി. എ. പ്രവർത്തക ക്യാമ്പ്

ഫെബ്രുവരി 8, 9, 10 തീയതികളിൽ പതൽക്കുന്നിൽ നടന്ന പ്രവർത്തകക്യാമ്പ് സംഘടനയുടെ ഭാവിപ്രവർത്തനങ്ങൾക്ക് കൂടുതൽ വെളിച്ചം പകരാൻ പര്യാപ്തമായിരുന്നു. കേരളത്തിൻെറ നാനാഭാഗങ്ങളിലെ കോളേജുകളിൽ നിന്നുവന്നെത്തിയ നൂറോളം പ്രവർത്തകർ തുറന്ന ചർച്ചയിലൂടെ സംഘടനയുടെ ശക്തിയും ദൗർബല്യവും വിലയിരുത്തുകയുണ്ടായി. പ്രവർത്തനത്തിൽ ഇന്നു കാണുന്ന അപാകതകൾ പരിഹരിച്ച്, പുതിയ സാഹചര്യത്തിനിണങ്ങുന്ന വിധത്തിൽ സംഘടനാപ്രവർത്തനം മുന്നോട്ടു നയിക്കാനുള്ള വ്യക്തമായ കാഴ്ചപ്പാടുമായാണ് പത്താം തീയതി ക്യാമ്പംഗങ്ങൾ പിരിഞ്ഞത്.

സംഘടനാ പ്രസിഡൻറ് പ്രൊ: ആർ. ആർ. സി. നായർ 8-ാം തീയതി വൈകിട്ട് പതാക ഉയർത്തിയതോടെയാണ് ക്യാമ്പു പരിപാടികൾ ആരംഭിച്ചത്. തുടർന്നുചേർന്ന ഉദ്ഘാടന യോഗത്തിൽ ക്യാമ്പംഗങ്ങൾക്ക് കൺവീനർ ശ്രീ. പി. ജി. ചന്ദ്രശേഖരൻ നായർ സ്വാഗതമാശംസിച്ചു. നമ്മുടെ സംഘടന പിന്നിട്ട പ്രയാസമേറിയ ആ പഴയ കാലഘട്ടം അനുസ്മരിച്ചു കൊണ്ടായിരുന്നു പ്രസിഡൻറിൻെറ അധ്യക്ഷ പ്രസംഗം. കിട്ടുന്ന ശമ്പളവും വാങ്ങി ആരോടും പരാതിപറയാൻ കഴിയാത്ത മൂകജീവിയായിരുന്നു അന്ന് കോളേജധ്യാപകൻ. സേവനഭദ്രതയില്ല. തുച്ഛമായ ശമ്പളം. അതുതന്നെ ഒരുമിച്ചു കിട്ടിയിരുന്നില്ല. 'കല്യാണം കഴിച്ചതിൻെറ പേരിൽ നിങ്ങളെ പിരിച്ചുവിട്ടിരിയ്ക്കുന്നു.' വെന്ന് എഴുതിക്കൊടുത്ത മാനേജ്മെൻറുകളുടെ ഭരണം! മാനേജ്മെൻറുകൾ ദൈവദത്തമായ അധികാരത്തിൻെറ ഉടമകളാണെന്നാണ് അവരുടെ ഭാവം. ധൃഷ്ടന്മാരായ ഈ മാനേജരന്മാരോട് പൊരുതിയാണ് അന്ന് എ. കെ. പി. സി. ടി. എ. വളർന്നത്. അധ്യാപകൻെറ നിലനിൽപ്പിൻെറ പ്രശ്നമായിരുന്നു അന്ന് പ്രധാനം. പിരിച്ചുവിടലിനെതിരെ എത്രയെത്ര സമരങ്ങൾ നമുക്ക് നടത്തേണ്ടിവന്നു! നേരിട്ടു ശമ്പളം ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നമ്മൾ നടത്തിയ ധീരോദാത്തമായ സമരവും ഓർക്കേണ്ടതാണ്. ആരുടേയും ഔദാര്യമല്ല ശമ്പളമെന്നും അതു സർക്കാരിൽ നിന്നു തന്നെ നേരിട്ടുകിട്ടണമെന്നുമുള്ള നമ്മുടെ ആവശ്യം സമരത്തിലൂടെ നേടിയെടുക്കാൻ നമുക്കു കഴിഞ്ഞു. ഇന്ത്യയിലാദ്യമായിട്ട്, പ്രൈവററ് കോളേജധ്യാപകർക്ക് നേരിട്ടു ശമ്പളം നടപ്പിലാക്കിയത് കേരളത്തിലാണെന്നത് അഭിമാനിക്കാൻ വക നൽകുന്നു.

നിരന്തരമായ സമരങ്ങളിലൂടെ നേടേണ്ടതെല്ലാം നേടിയെടുത്തു കഴിഞ്ഞു, ഇനിപ്രശ്നങ്ങളൊന്നുമില്ല എന്ന ആലംഭാവം നമ്മെ ബാധിക്കാൻ പാടില്ല നേടിയതു പലതും നഷ്ടപ്പെട്ടിരിക്കുന്നുവെന്നതാണ് ഇന്നത്തെ അവസ്ഥ എന്നാൽ ഇതേക്കുറിച്ച് അദ്ധ്യാപകരിൽ പലരും വേണ്ടത്ര ബോധവാൻമാരാണെന്നു തോന്നുന്നില്ല. നമ്മുടെ നേട്ടങ്ങൾ പഴയകാല കഥകളായി അവശേഷിക്കുന്ന അവസ്ഥയുണ്ടാകാൻ അനുവദിച്ചുകൂട. ശമ്പളം, ഡി.എ, സർവ്വീസ് വ്യവസ്ഥകൾ എന്നീ പ്രശ്നങ്ങളോടൊപ്പം സമൂഹത്തോടുള്ള നമ്മുടെ കടപ്പാടും കാണേണ്ടതുണ്ട്. ഈ സമൂഹത്തെ ബാധിച്ചിരിക്കുന്ന കെടുതികൾ എന്തൊക്കെയാണ്. എങ്ങനെ അവയ്ക്കു പരിഹാരം കണ്ടെത്താം. ഇത്തരം പ്രശ്നങ്ങളും നമുക്കു ചർച്ച ചെയ്യേണ്ടതുണ്ട്. നാളത്തെ പ്രൈവററ് കോളേജദ്ധ്യാപകരെപ്പററി, നാളത്തെ എ.കെ.പി.സി.ററി.എ. യെപ്പററി, നാളത്തെ നമ്മുടെ നാടിനെപ്പററി നമുക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. അതിനും ഈ ക്യാമ്പു പ്രയോജനപ്പെടണം എന്നു പറഞ്ഞുകൊണ്ടാണ് പ്രൊ: ആർ. ആർ. സി. തന്റെ അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചത്.

കൊച്ചിൻ യൂണിവേഴ്സിററി പ്രോ–വൈസ് ചൻസിലർ ഡോ: കെ. ഐ. വാസു ക്യാമ്പ് ഉത്ഘാടനം ചെയ്തു. കേരളവർമ്മ കോളേജിൽ ജോലി നോക്കിയിരുന്ന കാലത്ത് എ.കെ. പി. സി. ടി. എ. യുമായുണ്ടായിരുന്ന ബന്ധം അനുസ്മരിച്ചുകൊണ്ടാണ് ഡോ: വാസു പ്രസംഗം തുടങ്ങിയത്. അദ്ധ്യാപകന്റെവ്യക്തിപരവും സാമൂഹ്യവുമായ കടമകളെ വിശദീകരിച്ചു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം.

വ്യക്തിപരമായ ആവശ്യങ്ങൾ നേടിയെടുക്കാൻ അദ്ധ്യാപകന് പോരാടേണ്ടി വരും. കേരളത്തിലെ കോളേജദ്ധ്യാപകർക്ക് ഇതുവരെയും യു. ജി. സി. സ്കെയിൽ നടപ്പിലാക്കിയിട്ടില്ലല്ലോ. പ്രൊമോഷൻ സാദ്ധ്യതകളും ഇവിടെ കുറവാണ്. ഇതിനൊക്കെവേണ്ടി പ്രവർത്തിക്കുന്നതോടൊപ്പം സാമൂഹ്യരംഗത്തു നമുക്ക് നിർവഹിക്കാനുള്ള പങ്കിനെക്കുറിച്ചും അദ്ധ്യാപകർ ആലോചിക്കണം.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽത്തന്നെ കാലോചിതമായ മാററങ്ങൾ വരേണ്ടതുണ്ട്. ഇന്ന്, പഠിക്കുന്ന കാര്യങ്ങളും ജീവിതവും തമ്മിൽ ബന്ധം വളരെ കുറവാണ്. കാലം മാറിയിട്ടും സിലബസിന് യാതൊരു മാററവും ഉണ്ടായിട്ടില്ല. ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തന്നെ കുറഞ്ഞു പോയിരിക്കുന്നു. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ പിന്നിലാണ്. കേരളം ചെലവാക്കുന്നതിനേക്കാൾ മൂന്നിരട്ടി പണമാണ് കർണ്ണാടകം ഉന്നതവിദ്യാഭ്യാസത്തിനായി ചെലവഴിക്കുക.


അദ്ധ്യാപക സംഘടനകൾക്ക് വ്യക്തമായ സാമൂഹ്യവീക്ഷണം ഉണ്ടായിരിക്കണം. അദ്ധ്യാപകനെന്ന നിലയ്ക്കുള്ള ഉത്തരവാദിത്വം ശരിക്കു നിറവേററിക്കൊണ്ടുവേണം അവകാശങ്ങൾക്കുവേണ്ടി പോരാടാൻ. നല്ലൊരു സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ അദ്ധ്യാപകർക്കുള്ള പങ്ക് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ടാണ് ഡോ. വാസു തന്റെ പ്രസംഗം ഉപസംഹരിച്ചത്. ഉത്ഘാടനയോഗത്തിൽ പ്രൊ. ജി. മാധവൻനായർ കൃതജ്ഞത രേഖപ്പെടുത്തി.

ഉത്ഘാടന യോഗത്തിനുശേഷം അംഗങ്ങളുടെ പരിചയപ്പെടലായിരുന്നു. തുടർന്ന് ജനറൽ സെക്രട്ടറി പ്രൊഫ: വി. നാരായണൻകുട്ടി 'സംഘടനം പ്രവർത്തനവും ഭാവിപരിപാടികളും' സംബന്ധിച്ച രേഖ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. (രേഖയുടെ ആദ്യഭാഗം ഈ ലക്കത്തിലുണ്ട്)

രണ്ടാം ദിവസം, ജനറൽ സെക്രട്ടറി അവതരിപ്പിച്ച രേഖയെ ആസ്പദമാക്കിയുള്ള ചർച്ചയായിരുന്നു. രേഖയിൽ പരാമർശിക്കപ്പെട്ട ഓരോ പ്രശ്നവും അംഗങ്ങൾ വിശദമായ ചർച്ചയ്ക്കു വിധേയമാക്കി മുപ്പത്തിയഞ്ചംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. അസോസിയേഷൻ

പ്രവർത്തനം കൂടുതൽ ശക്തമാക്കാനുള്ള നിരവധി നിർദ്ദേശങ്ങൾ അവർ അവതരിപ്പിച്ചു. ചർച്ച ഉപസംഹരിച്ചുകൊണ്ട് പ്രസിഡൻറും, ചർച്ചയിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞുകൊണ്ട് ജനറൽ സെക്രട്ടറിയും സംസാരിച്ചു. സേവന വ്യവസ്ഥകളെ സംബന്ധിച്ച് പ്രൊ: ഐ. ജി. ഭാസ്കരപ്പണിക്കരുടെ ക്ലാസ്സായിരുന്നു തുടർന്നു നടന്നത്.

'കേരളത്തിലെ അദ്ധ്യാപക പ്രസ്ഥാനം' എന്ന വിഷയത്തെ ആസ്പദമാക്കി മലബാറിലെ അദ്ധ്യാപക പ്രസ്ഥാനത്തിൻെറ കരുത്തനായ നേതാവായിരുന്ന സി. രാമൻകുട്ടിനായരുടെ ക്ലാസ്സോടെയാണ് രണ്ടാം ദിവസത്തെ പരിപാടികൾ സമാപിച്ചത്. കേരളത്തിൻെറ സാമൂഹ്യമാററത്തിലും രാഷ്ട്രീയ മുന്നേററത്തിലും അദ്ധ്യാപകപ്രസ്ഥാനം വഹിച്ച പങ്ക് ശ്രീ. രാമൻകുട്ടിനായർ എടുത്തുകാട്ടി. സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ ഭാഗമായിട്ടാണ് മലബാറിൽ അദ്ധ്യാപകപ്രസ്ഥാനം രൂപം കൊണ്ടതുതന്നെ. 'മലബാർ എലിമെൻററി സ്കൂൾ ടീച്ചേഴ്സ് യൂണിയ'നാണ് ആദ്യത്തെ സംഘടന. മലബാറിൽ അക്കാലത്ത് ഒരേ രീതിയിൽ പഠിപ്പിച്ചിരുന്ന അദ്ധ്യാപകർക്കും. പല തരത്തിലായിരുന്നു ശമ്പളം.



പ്രവർത്തക ക്യാമ്പിൽ പങ്കെടുത്തവർ

വലിയ തുകയ്ക്ക് ഒപ്പിട്ടുകൊടുത്ത് ചെറിയ തുക കൈപ്പററുന്നവരായിരുന്നു അദ്ധ്യാപകരിൽ ഭൂരിഭാഗവും. ഇത്തരം അനീതികൾക്കെതിരെ ആരും ശബ്ദമുയർത്തിയിരുന്നില്ല. മലബാറിൽ രൂപംകൊണ്ട അദ്ധ്യാപക സംഘടന ഇത്തരം പ്രശ്നങ്ങൾ പഠിച്ച് പ്രക്ഷോഭണം നടത്തി. സാമ്രാജ്യത്വത്തെ തന്നെ കെട്ടുകെട്ടിയ്ക്കുന്നതിലൂടെ മാത്രമേ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും പരിഹരിയ്ക്കപ്പെടുവാൻ പോകുന്നുള്ളൂ എന്ന ബോധം അദ്ധ്യാപകരിലുണ്ടാക്കാൻ അന്നത്തെ സംഘടനക്കു കഴിഞ്ഞു. സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി പൊരുതുന്നതോടൊപ്പം ഒരു പുതിയ സമൂഹത്തിനുവേണ്ടി ത്യാഗപൂർവ്വം പണിയെടുക്കാനും അദ്ധ്യാപകൻ അന്നു തയ്യാറായി. സമരസംഘടനകൾ ഗവൺമെൻറിൽനിന്നും ചില ആനുകൂല്യങ്ങൾ നേടിയെടുക്കാൻ മാത്രമുള്ളതല്ലെന്നും, സമൂഹത്തിൻെറ പൊതുവിഷമതകൾ മനസ്സിലാക്കി പ്രവർത്തിക്കാനുള്ളതാണെന്നുമുള്ള വീക്ഷണത്തിൽ അന്നു പ്രവർത്തിച്ചതിന് അതിൻേറതായ ഫലമുണ്ടായിട്ടുണ്ട്. അയിത്തത്തിനെതിരെയുള്ള സമരത്തിലുംമററും അദ്ധ്യാപകർ അന്നു പങ്കെടുക്കുകയുണ്ടായി. അമ്പലക്കുളത്തിൽ ഹരിജൻ കുട്ടികളെ കുളിപ്പിച്ചതിൻെറ പേരിൽ അധ്യാപകനെ സ്കൂളിൽ

നിന്നും പിരിച്ചുവിട്ട സംഭവങ്ങാം അന്നുണ്ടാ യിട്ടുണ്ട്. സ്കൂളുകളിൽ ചക്രവർത്തിയുടെ ചിത്രം വയ്ക്കണം എന്ന നിയമമുള്ള അന്ന്, ഗാന്ധിജിയുടേയും നെഹ്റുവിൻേറയും ചിത്രങ്ങാം വയ്ക്കാൻ കഴിഞ്ഞുവെന്നത് അന്നത്തെ അധ്യാപക പ്രസ്ഥാനത്തിൻെറ വിജയമാണ്.

ഇന്നു നിലനിൽക്കുന്ന വിദ്യാഭ്യാസ രീതിയ്ക്കെതിരേ ഒരു പൊതുപ്രസ്ഥാനം തന്നെ ഉയർന്നു വരേണ്ടതുണ്ട്. കോളേജുകളിലേയും സ്കൂളുകളിലേയും സംഘടനകാം ഒരുമിച്ച് ഇതിനുവേണ്ടി പ്രവർത്തിക്കണം. വിദ്യാഭ്യാസ രംഗത്ത് സമൂലമായ ഒരഴിച്ചു പണി തന്നെ നടത്തിയെടുക്കണം. നമ്മുടെ സാംസ്ക്കാരിക പ്രസ്ഥാനവും ശ്രദ്ധിക്കേണ്ടതുണ്ട്. ഇവയ്ക്കെല്ലാം പുരോഗമനപരമായ ഉള്ളടക്കം നൽകാൻ നമ്മുടെ കൂട്ടായ പ്രവർത്തനങ്ങാംക്കു കഴിയട്ടെ എന്നും ശ്രീ. രാമൻകുട്ടിനായർ ആശംസിച്ചു.

ക്യാമ്പിൻെറ മൂന്നാം ദിവസം രാവിലെ പ്രൊ. ഐ. ജി. ബി. 'സേവനവ്യവസ്ഥകാം' സംബന്ധിച്ചുള്ള ക്ളാസ്സ് പൂർത്തിയാക്കി. തുടർന്ന് സാമൂഹ്യപരിവർത്തനത്തിൽ ട്രേഡ് യൂണിയനുകളുടെ പങ്കിനെപ്പററി ശ്രീ. കെ. എൻ. രവീന്ദ്രനാഥ് ക്ളാസ്സെടുത്തു.

കോളേജധ്യാപകൻ കൂടിയായ പ്രൊഫ: പി. ജെ. കുര്യൻ. എം. പി. ക്യാമ്പ് സന്ദർശിക്കുകയുണ്ടായി. ക്യാമ്പംഗങ്ങളെ അഭിസംബോധനചെയ്തു സംസാരിച്ച പ്രൊ: കുര്യൻ അദ്ധ്യാപകർ ഒററക്കെട്ടായി നിൽക്കേണ്ടതിനെക്കുറിച്ചു പറഞ്ഞു. പരിഹാരം കാണേണ്ട നിരവധി പ്രശ്നങ്ങാം അദ്ധ്യാപക രംഗത്തുണ്ട്. മററെല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയ യു. ജി. സി. സ്ക്കെയിൽ കേരളത്തിലും നേടിയെടുക്കണം. സ്ഥലം മാററത്തിന് ഇന്ന് യാതൊരു വ്യവസ്ഥയുമില്ല. ഈ സ്ഥിതി മാററിയെടുക്കണം. ന്യൂനപക്ഷാവകാശങ്ങാം സംരക്ഷിക്കപ്പെടേണ്ടതുണ്ടെങ്കിലും അതിൻെറ പേരിൽ അദ്ധ്യാപകരിന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകാം ഒഴിവാക്കണം. നിയമപരമായ സംരക്ഷണം അദ്ധ്യാപകർക്കിന്നില്ലാതിരിക്കയാണ്. ഇതു നേടിയെടുക്കാൻ അദ്ധ്യാപക സംഘടനകാം ഒരുമിച്ചു നിൽക്കണം. സംഘടനാപരമായ പ്രശ്നങ്ങളിൽ ശ്രദ്ധിയ്ക്കുന്നതോടൊപ്പം അക്കാദമിക്കായിട്ടുള്ള കാര്യങ്ങളിലും അദ്ധ്യാപകർ ശ്രദ്ധിക്കണം. ഇന്നത്തെ അശാസ്ത്രീയമായ സിലബസ്സ് മാററിയെടുക്കാൻ അധ്യാപകർ തന്നെ മുന്നിട്ടിറങ്ങണം. വിദ്യാഭ്യാസരംഗത്തുവരുത്തുന്ന പരിഷ്ക്കാരങ്ങാം അധ്യാപകരോട് ആലോചിച്ചു കൊണ്ടാകണമെന്നും പ്രൊ: കുര്യൻ പറഞ്ഞു.

പത്താം തീയതി വൈകിട്ട് ക്യാമ്പു സമാപിച്ചു. എ. കെ. പി. സി. ടി. എ. സംഘടിപ്പിച്ച രണ്ടാമതു പ്രവർത്തക ക്യാമ്പായിരുന്നു ഇത്. അവകാശങ്ങാംക്കുവേണ്ടി കൂടുതൽ കൂടുതൽ സംഘടിതരായി മുന്നേറാൻ നാം തയ്യാറായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ക്യാമ്പുകളിലൂടെ നേടുന്ന അനുഭവങ്ങാംക്ക് വളരെയേറെ പ്രാധാന്യമുണ്ട്.

---

## നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം

## ജേർണലിൽ ഒരു ചർച്ച

# പങ്കെടുക്കുക

ലേഖനങ്ങാം എഡിററർക്ക് അയയ്ക്കുക.

# പ്രവർത്തകക്യാമ്പ് - ക്രഡൻഷ്യൽ റിപ്പോർട്ട്

| | | |
|---|---|---|
| ക്യാമ്പിൽ പങ്കെടുത്തവരുടെ എണ്ണം : | 94 | |
| ക്രഡൻഷ്യൽ ഫോറം പൂരിപ്പിച്ചു തന്നവർ : | 89 | |

## പ്രായം

| | | |
|---|---|---|
| നാൽപതു വയസ്സിനു മുകളിലുള്ളവർ : | 18 | 20.2% |
| മുപ്പതു വയസിനും നാൽപതു വയസിനും മദ്ധ്യേയുള്ളവർ : | 58 | 60.2% |
| മുപ്പതു വയസിൽ താഴെയുള്ളവർ : | 13 | 14.6% |

## അദ്ധ്യാപന പരിചയം

| | | |
|---|---|---|
| പതിനഞ്ചുവർഷത്തിൽ കൂടുതൽ സർവ്വീസുള്ളവർ : | 16 | 18% |
| പത്തിനും പതിനഞ്ചിനുമിടയ്ക്ക് : | 47 | 52.8% |
| പത്തിൽ താഴെ : | 26 | 29.2% |

## എ. കെ. പി. സി. ടി. യിലെ പ്രവർത്തന പരിചയം

| | | |
|---|---|---|
| 1960 ന് മുമ്പു മുതൽ പ്രവർത്തിച്ചുവരുന്നവർ : | 8 | 9% |
| 1960 നും 1970 നും മദ്ധ്യേ വന്നവർ : | 41 | 46% |
| 1970 നു ശേഷം അംഗത്വം നേടിയവർ : | 40 | 45% |

## എ. കെ. പി. സി. ടി. എ. യിലെ ഔദ്യോഗിക സ്ഥാനം

| | | |
|---|---|---|
| സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ : | 9 | 10 1% |
| ജില്ലാഭാരവാഹികൾ (സെക്രട്ടറി, പ്രസിഡന്റ്) : | 9 | 10.1% |
| സ്റ്റേറ്റ് ഭാരവാഹികൾ (സ്റ്റേറ്റ് കമ്മിറ്റി മെമ്പറൻമാർ ഉൾപ്പെടെ) | 18 | 20.2% |
| യൂണിറ്റ് ഭാരവാഹികൾ : | 24 | 27% |
| സമരത്തിൽ പങ്കെടുത്തവർ : | 80 | 89.9% |
| സമരത്തിൽ പങ്കെടുക്കാത്തവർ : | 9 | 10.1% |
| വിവാഹിതർ : | 71 | 80% |
| അവിവാഹിതർ : | 18 | 20% |
| ഭാര്യമാരിൽ അദ്ധ്യാപികമാരുടെ എണ്ണം : | 14 | |
| അവരിൽ എ. കെ. പി. സി. ടി. എ. അംഗങ്ങൾ : | 9 | 10.1% |
| ഗവൺമെന്റ് കോളേജദ്ധ്യാപികമാർ | 3 | 3.4% |
| എ. കെ. പി. സി. ടി. എ. യിൽ അംഗമല്ലാത്തവർ | 2 | 2 25% |
| വിവിധ രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങൾ | 18 | 20% |
| സാംസ്കാരിക സംഘടനകളിൽ അംഗങ്ങൾ : | 21 | 24% |

## ക്രഡൻഷ്യൽ കമ്മിറ്റി

(1) പി രവീന്ദ്രനാഥ് (കൺവീനർ)
(2) പ്രൊ: ഐ. ജി. ഭാസ്കരപ്പണിക്കർ
(3) പ്രൊ: എൻ. ജെ. ജേക്കബ്ബ്

# എ. കെ. പി. സി. ടി. എ പ്രവർത്തനങ്ങൾക്ക് ഒരു മാർഗരേഖ

പ്രൊ. വി. നാരായണൻകുട്ടി
ജനറൽ സെക്രട്ടറി

എ. കെ. പി. സി. ടി. എ. പ്രവർത്തകർക്കു വേണ്ടി ഫെബ്രുവരി 8, 9, 10 തീയതികളിൽ ചരൽക്കുന്നിൽ നടന്ന ക്യാമ്പിൽ ചർച്ചക്കായി അവതരിക്കപ്പെട്ട രേഖയുടെ ആദ്യഭാഗമാണിത്. ബാക്കി ഭാഗം അടുത്ത ലക്കത്തിൽ.

## 1. അടിസ്ഥാനരഹിതമായ അലംഭാവം ഉപേക്ഷിയ്ക്കുക.

ഡയറക്ട് പേമെൻറും, റിട്ടയർമെൻറാനുകൂല്യങ്ങളും കിട്ടിയതോടുകൂടി എല്ലാം നേടി എന്ന അലംഭാവം സാധാരണ അധ്യാപകരെ മാത്രമല്ല നമ്മുടെ സജീവ പ്രവർത്തകരേയും ബാധിച്ചിട്ടുണ്ട്. നാം നടത്തുന്ന സമര പരിപാടികൾ സംഘടനയുടെ നിലനിൽപ്പിനെ ന്യായീകരിക്കാൻ മാത്രമാണെന്നുപോലും പലരും വ്യാഖ്യാനിയ്ക്കുന്നുണ്ട്. തികച്ചും തെററായ ധാരണകളിൽ നിന്നുളവായിട്ടുള്ള ഈ ഉദാസീനത നമ്മുടെ പ്രവർത്തനത്തിലുള്ള ആവേശവും വീറും തണുപ്പിച്ചു കളയുന്നു. ഈ അലംഭാവം അകററി സംഘടനാ പ്രവർത്തനത്തിലുള്ള പഴയ വീറും ചൂടും വീണ്ടെടുക്കുവാൻ നാം അടിയന്തിരമായ പരിശ്രമം നടത്തേണ്ടിയിരിക്കുന്നു.

## 2. അധ്യാപകരുടെ സർവ്വീസ് പ്രശ്നങ്ങളുടെ ഗൗരവ സ്വഭാവം മനസിലാക്കുക; അവരെ ധരിപ്പിക്കുക.

സേവനസ്ഥിരത, വേതനം, പ്രൊമോഷൻ തുടങ്ങി ഒട്ടനവധി സർവ്വീസ് പ്രശ്നങ്ങളിൽ നമുക്ക് വളരെയൊന്നും മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് വ്യക്തമാണ്.

a) സർവ്വകലാശാലാ നിയമത്തിലൂടെ നാം നേടിയ സേവനഭദ്രത കോടതി വിധികൾ കാററിൽപ്പറത്തിയിരിക്കയാണ്. ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന ബഹുഭൂരിപക്ഷം സ്വകാര്യ കോളേജുകളിലേയും അധ്യാപകർക്ക് ഇന്ന് സേവനസ്ഥിരതയില്ലെന്നതാണ് സ്ഥിതി. അവർ പതിനഞ്ചു കൊല്ലം മുമ്പുണ്ടായിരുന്ന അവസ്ഥയിൽത്തന്നെ ഇന്നും നിൽക്കുന്നു.

b) ഇന്ത്യയിലെ മറെറല്ലാ സ്റേററുകളും അംഗീകരിച്ചു നടപ്പാക്കിയിട്ടുള്ള യു. ജി. സി. സ്കെയിൽ നമ്മുടെ സ്റേററിൽ ഇനിയും നടപ്പിലാക്കിയിട്ടില്ല. ബാങ്ക്, എൽ. ഐ. സി. കോർപ്പറേഷൻ എന്നിവയിലെ ജീവനക്കാരുടെ വേതനഘടനയുമായി തട്ടിച്ചു നോക്കുമ്പോൾ, ഇവിടെ നടന്ന ശമ്പളപരിഷ്ക്കാരങ്ങൾ നമ്മെ എത്രമാത്രം വഞ്ചിന്നിട്ടുണ്ടെന്നു ബോധ്യപ്പെടാതാരിയ്ക്കില്ല. പതിനഞ്ചു

കൊല്ലം മുമ്പ് നമുക്കു തുല്യമായ വേതനം പററിയിരുന്ന ഇഞ്ചിനീയറൻമാരും ഡോക്ടർമാരും ഇന്ന് വാങ്ങുന്ന ശമ്പളസ്കെയിലിനോട് നമ്മുടെ ശമ്പള നിരക്കുകൾ താരതമ്യം ചെയ്യുകയാണെങ്കിൽ നാം എത്രമാത്രം അവഗണിക്കപ്പെട്ടുവരുന്നുവന്നു ബോധ്യമാകും.

c) നമ്മുടെ പ്രമോഷൻ സാധ്യതകൾ, സംസ്ഥാന സർവ്വീസിലെ ഇതര ജീവനക്കാരോട് താരതമ്യപ്പെടുത്തിയാൽ തുലോം കുറവാണെന്നു കാണാം.

d) ഇതിനുപുറമേ, റിട്ടയർമെൻറാനുകൂല്യങ്ങളിലെ അപാകതകളെക്കുറിച്ച് നാം പലതവണ നിവേദനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഇക്കാര്യം ചർച്ച ചെയ്യാൻ പോലും സർക്കാർ തയ്യാറായിട്ടില്ല.

e) ലീവ്, ഇൻക്രിമെൻറ്, പ്രൊമോഷൻ നിയമനം എന്നിവ അംഗീകരിച്ചു കിട്ടുവാൻ വരുന്ന കാലതാമസം പരിഹരിയ്ക്കപ്പെട്ടിട്ടില്ല.

f) ഷിഫ്ററ് സമ്പ്രദായം മൂലം ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ നിരവധിയാണ്. ഇവയും പരിഹരിക്കപ്പെട്ടിട്ടില്ല.

ഇങ്ങനെ ഗൗരവസ്വഭാവമുള്ള നൂറു നൂറ് സർവ്വീസ് പ്രശ്നങ്ങൾ നിലവിലിരിക്കെയാണ് ഇതൊന്നും കണ്ടില്ലെന്നു നടിച്ച് നാം അലംഭാവം കൊള്ളുന്നത്.

### 3. സംഘടനയുടെ നേട്ടങ്ങൾ അഭിമാനപൂർവ്വം അനുസ്മരിയ്ക്കുക; നിലവിലുള്ള അവശതകൾ പരിഹരിയ്ക്കാൻ സംഘടനയെ ശക്തിപ്പെടുത്തുക.

നമുക്ക് ഭാഗികമായ സേവനഭദ്രത, സർക്കാർ കോളേജ് അധ്യാപകരോട് സേവനത്തിലുള്ള തുല്യത, നേരിട്ടുള്ള ശമ്പളം, റിട്ടയർമെൻറാനുകൂല്യങ്ങൾ, ചെറിയതോതിലെങ്കിലും പ്രമോഷൻ സാധ്യത എന്നിവയെല്ലാം നേടിത്തന്നത് സംഘടനയാണ്. സംഘടനയുടെ ത്യാഗോജ്ജ്വലമായ സമരങ്ങളിലൂടെ നാം നേടിയ മഹത്തായ നേട്ടങ്ങൾ പുതിയ തലമുറയെ പറഞ്ഞുധരിപ്പിയ്ക്കേണ്ടിയിരിയ്ക്കുന്നു. നമ്മുടെ പുതിയ അധ്യാപകരും പ്രവർത്തകൻമാരും അതിൽനിന്നും ആവേശമുൾക്കൊള്ളണം. ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ നാം സംഘടനയുടെ കൊടിക്കീഴിൽ നിന്നുകൊണ്ട് സമരമാർഗ്ഗം തന്നെ അവലംബിയ്ക്കേണ്ടിയിരിയ്ക്കുന്നു. നമ്മുടെ പഴയ നേതാക്കൻമാരും പ്രവർത്തകൻമാരും പുതിയ തലമുറയും തമ്മിലുള്ള വിടവ് നിരന്തരമായ ചർച്ചകളിലൂടെ നികത്തേണ്ടതുണ്ട്.

### 4. നമ്മുടെ അവശതകൾ പരിഹരിയ്ക്കാൻ എ. കെ. പി. സി. ടി. എ. യ്ക്കുമാത്രമേ കഴിയുകയുള്ളൂ.

മററു സംഘടനകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനസമ്പ്രദായങ്ങളും പരിശോധിയ്ക്കുമ്പോൾ ഇത് വ്യക്തമാകും.

a) പ്രൈവററ് കോളേജധ്യാപകരുടെ നൂറുനൂറു പ്രശ്നങ്ങളേറെറടുത്തുകൊണ്ട് ത്യാഗോജ്ജ്വലമായ സമരങ്ങളിലൂടെ അവയ്ക്ക് പരിഹാരമുണ്ടാക്കിയ പാരമ്പര്യമാണ് എ.കെ.പി. സി ടി.എ യ്ക്കുള്ളത്. അധ്യാപകതാൽപര്യം മറന്ന്, മാനേജുമെൻറിൻെറ ട്രോജൻകുതിരകളായി പ്രവർത്തിയ്ക്കുന്ന 'ഡി.സി.എസ്.എ. യുടേയും, എസ് എൻ. കോളേജ് ടീച്ചേർസ് അസോസിയേഷൻേറയും പാരമ്പര്യം നമുക്കില്ല

b) വിവിധരാഷ്ട്രീയ ചിന്താഗതിയുള്ളവരും, പ്രത്യേകിച്ച് രാഷ്ട്രീയവിധേയത്വമില്ലാത്തവരുമായ എല്ലാ അധ്യാപകരേയും ഒരേ കൊടിക്കീഴിൽ അണിനിരത്തിക്കൊണ്ട് അവരുടെ അവശതയ്ക്ക് പരിഹാരമുണ്ടാക്കാനാണ് എ. കെ. പി. സി. ടി. എ. ശ്രമിയ്ക്കുന്നത്. എന്നാൽ പി.സി.ടി.എ, ഡി.സി.എസ്.എ. എസ്.എൻ.ടി എ എന്നിങ്ങനെ ഈ രംഗത്തുള്ള മററു സംഘടനകൾക്ക് രാഷ്ട്രീയവിധേയത്വമുണ്ട്. അക്കാരണംകൊണ്ടുതന്നെ അവർക്ക് അധ്യാപകതാൽപര്യം പൂർണ്ണമായി സംരക്ഷിയ്ക്കാനും സാധ്യമല്ല.

c) അധ്യാപകരെ, ലക്ചറർ, ജൂനിയർലക്ചറർ, പ്രൊഫസർ എന്നിങ്ങനെ വിവിധതട്ടുകളിലാക്കിനിർത്തുന്ന ഇന്നത്തെ വ്യവസ്ഥ മാററിയെടുക്കണമെന്നതുകൊണ്ടുകൂടിയാണ് നാം യു ജി.സി. സ്കെയിൽ ആവശ്യപ്പെടുന്നത്. എന്നാൽ പി.സി.ടി.എ. തുടങ്ങിയ സംഘടനകൾക്ക് ഈ ചാതുർവർണ്ണ്യം നിലനിർത്തുന്നതിലാണ് താൽപര്യം. അതുകൊണ്ട് അവർ യു.ജി.സി. സ്കെയിലിനുവേണ്ടി വാദിയ്ക്കുന്നില്ല.

d) നമ്മുടെ അവകാശസമരങ്ങളെ സ്റേററിലെ മററു വിഭാഗം ജീവനക്കാരുടെ സമരങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് നാം ശ്രമിയ്ക്കുന്നത്. ഈ പ്രവർത്തനരീതി തികച്ചും ശരിയാണെന്ന് കഴിഞ്ഞ ജൂലൈയിലുണ്ടായ നേട്ടങ്ങൾ നമ്മെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു ഒററയാൻ മാർഗ്ഗമാണ് പി.സി.ടി.എ. ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

e) സമരങ്ങളിലൂടെ അവകാശങ്ങൾ നേടിയെടുക്കുന്നതിലാണ് നാം വിശ്വസിയ്ക്കുന്നത്. എന്നാൽ ഈ രംഗത്തുള്ള മററു പല സംഘടനകളും കടലാസുസംഘടനകളാണ്. പ്രമേയങ്ങളിലൂടെയും ലോബിയിങ്ങിലൂടെയും കാര്യങ്ങൾ നേടാമെന്ന് അവർ കണക്കുകൂട്ടുന്നു.

f) വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് ഏററവും പുരോഗമനപരമായ സമീപനമാണ് നമുക്കുള്ളത്.

## 5. ബ്രാഞ്ചു പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കുക.

ബ്രാഞ്ചുകളാണ് സംഘടനയുടെ സമ്പൂർത്ത ഘടകങ്ങൾ. അവിടെയാണ് സംഘടന ശക്തിപ്പെടുന്നതും ദുർബ്ബലമാകുന്നതും. അവിടെയാണ് സംഘടനവ്യക്തികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതും അവരുടെ കൂറു സമ്പാദിക്കുന്നതും. ബ്രാഞ്ചുകൾ ശക്തിപ്പെടുന്നതോടെ സംഘടന ശക്തിപ്പെടുന്നു. ബ്രാഞ്ചുകൾ ഉണർന്നു കഴിഞ്ഞാൽ നേതൃത്വം ഉണരാതിരിക്കില്ല. ഓരോ ബ്രാഞ്ചിലും താഴെപ്പറയുന്ന ഉപകരണങ്ങളും രേഖകളും ഫയലുകളും തീർച്ചയായും ഉണ്ടായിരിക്കണം.

(1) അസോസിയേഷന്റെ പതാക (2) നോട്ടീസ്ബോർഡ് (3) യൂണിവേഴ്സിററി ആക്ട്. സ്ററാററ്യൂട്ട്സ്, ഓർഡിനൻസ്, റഗുലേഷൻസ്, കെ. എസ്. ആർ. എന്നിവയുടെ ഓരോ കോപ്പികൾ. (4) മെമ്പർഷിപ്പ് രജിസ്ററർ (5) വെൽഫയർഫണ്ട്രജിസ്ററർ (6) രസീത്ബുക്കുകളും കണക്കുപുസ്തകങ്ങളും. (7) ബ്രാഞ്ച് മീററിംഗുകളുടെ നോട്ടീസ്, മിനിട്ട്സ് പുസ്തകങ്ങൾ (8) സംഘടനയിൽനിന്നും കിട്ടുന്ന സർക്കുലറുകളുടേയും മററും ഫയൽ (9) ജേർണലിന്റെ കോപ്പികൾ.

## 6. നമ്മുടെ ബ്രാഞ്ചു സെക്രട്ടറിമാർ മുഴുവൻ സമയ പ്രവർത്തകർ ആയിരിക്കണം

അദ്ധ്യാപകനെന്ന നിലയ്ക്കുള്ള കടമ നിർവ്വഹിച്ചു കഴിഞ്ഞാൽ നമ്മുടെ ബ്രാഞ്ചു സെക്രട്ടറിമാർ, മുഴുവൻ സമയ സംഘടനാപ്രവർത്തകരായിരിക്കണം. കോളേജിലെ മററു പാഠ്യേതരപ്രവർത്തനങ്ങളുടെയൊന്നും ചുമതല ഏറെറടുക്കരുത്. അവർ ഒരിക്കലും വിവാദപുരുഷൻമാരായിരുന്നുകൂട. സംഘടനയുടെ സജീവ പ്രവർത്തകരാണ് ഭാരവാഹികളായിത്തീരേണ്ടത്. നമ്മുടെ സർവ്വീസ്പ്രശ്നങ്ങളെക്കുറിച്ച് നല്ല അറിവും സംഘടനാസാമർത്ഥ്യവും ഉള്ള ആളാവേണം യൂണിററ് സെക്രട്ടറിയാകാൻ.

## 7. ബ്രാഞ്ചുയോഗങ്ങൾ സജീവമാക്കുക

സംഘടനയും സാധാരണ അംഗങ്ങളും തമ്മിൽ ആശയവിനിമയം നടക്കുന്നത് ബ്രാഞ്ചുയോഗങ്ങളിലൂടെയാണ്. എന്നാൽ നമ്മുടെ ബ്രാഞ്ചുയോഗങ്ങൾ നല്ല നിലയിലാണോ നടക്കുന്നത്? ബ്രാഞ്ചുയോഗങ്ങളെ ആകർഷകമാക്കി കഴിയുന്നത്ര അംഗങ്ങളെ യോഗത്തിൽ പങ്കെടുപ്പിക്കണം.

(a) ബ്രാഞ്ചിൽ അസോസിയേഷന്റെ പ്രവർത്തനങ്ങളും അദ്ധ്യാപകപ്രശ്നങ്ങളും മാത്രമല്ല കോളേജിനെ ബാധിയ്ക്കുന്ന അച്ചടക്കം, യന്ത്രാസൗകര്യം, ക്ഷേമം, വെള്ളം തുടങ്ങിയ എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളിലെല്ലാം തന്നെ ബ്രാഞ്ചിന് വ്യക്തമായ നിലപാടും സമീപനവും ഉണ്ടായിരിക്കുകയും വേണം.

(b) ബ്രാഞ്ചുയോഗങ്ങളിൽ ജില്ലാഭാരവാഹികളെക്കൂടി പങ്കെടുപ്പിക്കാൻ ശ്രമിക്കണം.

(c) എല്ലാവർക്കും ഒഴിവുള്ള സമയത്തിനു കാത്തിരിക്കാതെ കഴിയുന്നത്ര അധ്യാപകർക്ക് പങ്കെടുക്കാൻ സൗകര്യമുള്ള സമയത്താണ് യോഗം നടത്തേണ്ടത്.

(d) അദ്ധ്യാപകരുടെ സോഷ്യൽ ഗാതറിങ്ങിനെപ്പോലും ഒരു ബ്രാഞ്ചുയോഗമാക്കി മാററാൻ നമുക്കു കഴിയണം.

(e) ബ്രാഞ്ചുയോഗത്തിൻെറ മിനിട്ട്സ് തുടങ്ങിയ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. യോഗത്തിൽ മിനിട്ട്സ് മാത്രമല്ല പ്രവർത്തനറിപ്പോർട്ടും ബ്രാഞ്ചുസെക്രട്ടറി അവതരിപ്പിക്കേണ്ടതാണ്.

(f) ബ്രാഞ്ചിൽനിന്നു പിരിയ്ക്കുന്ന മെമ്പർഷിപ്പ് ഫീസിനും മററും കൃത്യമായി രസിതുകൾ കൊടുക്കേണ്ടതും വാർഷികയോഗത്തിൽ വരവുചെലവുകണക്ക് അംഗീകരിയ്ക്കേണ്ടതുമാണ്. ബ്രാഞ്ചിൻെറ വാർഷികയോഗങ്ങൾ നല്ല നിലയിൽ അദ്ധ്യാപകരുടെ കലാപരിപാടികളോടെ നടത്താൻ ശ്രമിക്കേണ്ടതാണ്.

## 8. നമ്മുടെ ബ്രാഞ്ചുകൾ അദ്ധ്യാപകരുടെ എല്ലാത്തരം അഭിപ്രായങ്ങൾക്കും വേദിയൊരുക്കണം.

കല, സാഹിത്യം, വിദ്യാഭ്യാസ പ്രശ്നങ്ങൾ, കായിക വിനോദങ്ങൾ എന്നിവയിൽ താൽപര്യമുള്ള അംഗങ്ങൾ നമുക്കുണ്ട്. അവർക്കെല്ലാം വേദിയൊരുക്കിക്കൊടുക്കേണ്ട ചുമതലയും ബ്രാഞ്ചുകൾ ഏറെറടുക്കണം. ഇതിനുവേണ്ടി ഓരോ ബ്രാഞ്ചിലും കലാസമിതികൾ, ചർച്ചാവേദികൾ, റിക്രിയേഷൻ ക്ളബുകൾ, ഫിലിം സൊസൈററികൾ എന്നിവ സ്ഥാപിച്ച് അതാതിൽ താൽപര്യമുള്ള അംഗങ്ങളെ ചുമതല ഏൽപിച്ചു കൊടുക്കേണ്ടതാണ്. ഇത്തരം സമിതികൾക്ക് ജില്ലാതലത്തുലും സ്റേററ് തലത്തിലും ഏകോപനസമിതികളുണ്ടാക്കുന്ന കാര്യം നമുക്കു പിന്നീട് പരിഗണിക്കാവുന്നതാണ്. ഇത്തരം ക്ളബുകളുടെ വകയായി ബ്രാഞ്ചിൻെറ വാർഷിക സമ്മേളനത്തിലും മററും കലാപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

## 9. അദ്ധ്യാപകരെന്ന നിലയ്ക്കുള്ള കടമകൾ പൂർണ്ണമായി നിർവഹിക്കുക.

സംഘടനാ പ്രവർത്തനത്തിൻെറ പേരിൽ അദ്ധ്യാപകൻെറ കടമകൾ നാം മറന്നുകൂട. അദ്ധ്യാപകനെന്ന നിലയ്ക്കുള്ള ഉത്തരവാദിത്വം പൂർണ്ണമായി നിറവേററുമ്പോഴാണ് നാം സംഘടനാ പ്രവർത്തനത്തിന് അർഹത നേടുന്നത്. സമൂഹത്തോടും, വിദ്യാർത്ഥികളോടും, സ്ഥാപനത്തോടുമുള്ള മുഴുവൻ കടമകളും നാം നിർവഹിക്കുക തന്നെ വേണം.

## 10. മേലധികാരികളുടെ സ്വാധീനവലയത്തിൽ കുടുങ്ങരുത്.

സംഘടനാ പ്രവർത്തകരെയും, അവർ മുഖേന സംഘടനയെയും കയ്യിലെടുക്കാൻ മേലധികാരികൾ ശ്രമിക്കാതിരിക്കില്ല. ഇതു മനസിലാക്കി അവരുടെ സ്വാധീന വലയത്തിൽപ്പെടാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. മേലധികാരികളിൽ നിന്നും എന്തെങ്കിലും ഇളവോ പ്രത്യേകാനുകൂല്യമോ സ്വീകരിച്ചാൽ, അവർക്കെതിരെ അവകാശ സമരങ്ങൾ നടത്താൻ പററില്ല. അതുകൊണ്ട് അവരിൽ നിന്നുള്ള തുച്ഛമായ ആനുകൂല്യങ്ങൾ പോലും നാം കൈപ്പററിക്കൂട. നമ്മുടെ ജോലി നാം കൃത്യമായി ചെയ്യുമ്പോൾ നാം എല്ലാ അർത്ഥത്തിലും സ്വതന്ത്രരായിത്തീരുന്നു. അപ്പോൾ മാത്രമേ സ്വതന്ത്രമായ സംഘടനാപ്രവർത്തനം നടത്തുവാൻ നമുക്കു കഴിയുകയുള്ളൂ.

## 11. പ്രശ്നങ്ങൾ തേടിപ്പിടിച്ച് അവയ്ക്കു പരിഹാരം കണ്ടെത്തുക.

പ്രശ്നങ്ങൾ നമ്മെത്തേടി വരികയില്ല. പരാതിക്കാർ കുറുക്കു വഴിയിലൂടെ അവശതാപരിഹാരത്തിന്നു ശ്രമിച്ചെന്നുവരും. എന്നാൽ പ്രശ്നങ്ങളെഅന്വേഷിച്ചുകണ്ടെത്തിഅവയ്ക്കു പരിഹാരം കണ്ടെത്താനാണ് നാം ശ്രമിക്കേണ്ടത്. ഇതിന് ഓരോ അദ്ധ്യാപകൻെറയും ഇംക്രിമെൻറ് പ്രൊമോഷൻ തുടങ്ങിയവയെക്കുറിച്ചുള്ള കൃത്യമായ രേഖകൾ ബ്രാഞ്ച് സെക്രട്ടറിയുടെ ഡയറിയിൽ ഉണ്ടായിരിക്കണം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംഘടനക്ക് ലെയ്സൺ ഓഫീസറൻമാർ മുഖേനയുള്ള സംവിധാനമുണ്ട് അതു ശരിക്കുപയോഗപ്പെടുത്തുവാൻ നമ്മുടെ ബ്രാഞ്ചു സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണ്. പ്രശ്നങ്ങൾ അവിഹിതമാർഗങ്ങളിലൂടെ നടക്കില്ലെന്നുറപ്പുവരുത്താനും, അദ്ധ്യാപകരുടെ കൂറ് സംഘടനക്കുവേണ്ടി നേടിയെടുക്കാനും ഇതാവശ്യമാണ്.

## 11. അധ്യാപകരുടെ എല്ലാ പ്രശ്നങ്ങളിലും താൽപ്പര്യം കാണിയ്ക്കുക.

അംഗങ്ങളുമായി വ്യക്തിബന്ധം വളർത്തുവാൻ നമ്മുടെ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. അധ്യാപകരുടെ സർവ്വീസ് പ്രശ്നത്തിൽ മാത്രമല്ല മറെറല്ലാ പ്രശ്നങ്ങളിലും നാം താൽപ്പര്യമെടുക്കണം. വിവാഹം, താമസസൗകര്യം, രോഗം, കടം എന്നിങ്ങനെ അധ്യാപകരെ ബാധിക്കുന്ന വ്യക്തിപരവും ഗാർഹികവുമായ പ്രശ്നങ്ങളിൽപ്പോലും പരമാവധി സഹായമെത്തിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. സംഘടന വ്യക്തികൾ കൂടുന്നതാണെന്നും, അവർക്ക് വ്യക്തിപരമായ പ്രശ്നങ്ങളുണ്ടാകുമെന്നും നാം മനസ്സിലാക്കണം.

## 12. വിദ്യാർത്ഥി സംഘടനകളുമായിഉററബന്ധം ഊട്ടിഉറപ്പിക്കുക

വിദ്യാർത്ഥി സംഘടനകളെ നമ്മുടെ എതിർ സംഘടനകളായും കോളേജച്ചട്ടക്കത്തിനുള്ള നിരന്തര ഭീഷണിയായും കാണുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. നമ്മുടെ സ്വാതന്ത്ര്യത്തിനും, വിദ്യാഭ്യാസരംഗത്തെ പുരോഗമനപരമായ നടപടികൾക്കും വിദ്യാർത്ഥികൾ നൽകിയിട്ടുള്ള അമൂല്യമായ സംഭാവന നാം മറന്നുകൂട. കേരളത്തിൽതന്നെ വിദ്യാഭ്യാസരംഗത്തെ അഴിമതിയ്ക്കും, നിക്ഷിപ്ത താൽപ്പര്യക്കാരുടെ വിളയാട്ടത്തിനും എതിരെ നാം നടത്തിയിട്ടുള്ള സമരങ്ങൾക്കെല്ലാം ഈ സംഘടനകൾ പിന്തുണ നൽകിയിട്ടുണ്ട്. അതുകൊണ്ട് സംഘടനാതലത്തിൽ വിദ്യാർത്ഥികളുമായി അടുത്തബന്ധം സ്ഥാപിക്കാൻ നാം ശ്രമിക്കണം. വിദ്യാർത്ഥികൾക്കു നേരെയുള്ള അച്ചടക്കനടപടികൾ സംഘടന സ്വന്തം നിലയ്ക്ക് വിലയിരുത്തേണ്ടതും അതിന്നനുസരിച്ച് നിലപാടെടുക്കേണ്ടതുമാണ്. കോളേജിന്റെ അച്ചടക്കത്തിന്റെ പേരിൽ പ്രിൻസിപ്പാലെടുക്കുന്ന എല്ലാ അച്ചടക്ക നടപടികളെയും പിൻതാങ്ങാൻ നാം ബാധ്യസ്ഥരല്ല.

ഇത്തരം പ്രശ്നങ്ങൾ ബ്രാഞ്ചിൽ ചർച്ച ചെയ്ത് സന്തുലിതമായ സ്വന്തം നിലപാട് നാം സ്വീകരിക്കേണ്ടതാണ്.

# ആദരാഞ്ജലി

മലബാർ കൃസ്ത്യൻ കോളേജിലെ ഫിസിക്സ് ഡിപ്പാർട്ടുമെന്റിലെ പ്രൊഫസറും, എ. കെ. പി. സി. ടി. എ. യുടെ സജീവ പ്രവർത്തകനുമായിരുന്ന വി. ബാലചന്ദ്രൻ ഫെബ്രുവരി 9-ാം തീയതി നിര്യാതനായി. രക്താർബുദമാണ് മരണകാരണം.

12–ാം തീയതി വൈകുന്നേരം കൂടിയ കൃസ്ത്യൻ കോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ച് യോഗം പ്രൊ: ബാലചന്ദ്രന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തി.

(പത്താം പേജിന്റെ തുടർച്ച)

മെന്ന അയവില്ലാത്ത തീരുമാനത്തിന്റെയും പശ്ചാത്തലത്തിൽ അദ്ധ്യാപകർക്ക് അനാവശ്യമായ കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കരുതെന്ന അടിസ്ഥാനത്തിൽ പരീക്ഷാ ബഹിഷ്കരണ പരിപാടി നാം തൽക്കാലം ഉപേക്ഷിച്ചു.

## സേവന വ്യവസ്ഥകൾ

സേവനവ്യവസ്ഥകൾക്ക് വേണ്ടിയുള്ള പ്രൈവററ് കോളേജ് അദ്ധ്യാപകന്റെ സമരകഥ തുലോം ദീർഘിച്ചതാണ്. അദ്ധ്യാപകരെ തോന്നുമ്പോൾ നിയമിക്കുവാനും, തോന്നുമ്പോൾ പിരിച്ചുവിടാനും കുത്തകാധികാരമുള്ള, സൃഷ്ടിസ്ഥിതിസംഹാരശക്തികളുള്ള മാനേജ്മെന്റുകൾ സമൂഹം ശ്രേഷ്ഠമായ പദവി നൽകി ബഹുമാനിക്കുന്ന അദ്ധ്യാപകനെ തങ്ങളുടെ അടിമയായിട്ടാണ് ഇന്നോളം കണക്കാക്കിട്ടുള്ളത്. ഇവിടത്തെ വിദ്യാഭ്യാസരംഗമാകെ ചൂഴ്ന്നിറങ്ങിനിൽക്കുന്ന ഈ വിഷവേരുകൾ പിഴുതെറിയപ്പെടാത്ത കാലത്തോളം സേവനഭദ്രത എന്നത് അവരുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വെറും ആകാശകുസുമംതന്നെയായിരിക്കും. A.K.P.C.T.A യുടെ നിരന്തരമായ ജാഗ്രവത്തായ പ്രവർത്തനങ്ങൾമൂലം പഴയപോലെ അദ്ധ്യാപകനെ ഇട്ട് കൊട്ടയാട്ടുവാൻ ഇന്നിവർക്ക് കഴിയുന്നില്ല എന്നത് സത്യംതന്നെ. പക്ഷെ, ആത്യന്തികമായി ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകണമെങ്കിൽ ഇടത്തട്ടുകാരായ മാനേജുമെന്റുകൾ ഇല്ലാതാകുന്ന ഒരു വിദ്യാഭ്യാസ സംവിധാനം ഉണ്ടായേതീരൂ എന്നത് അവിതർക്കിതമായ വസ്തുതയാണ്.

തങ്ങളുടെ ചൊൽപ്പടിക്ക് നിൽക്കാത്ത ഏത് വമ്പനേയും കൂസലന്യേ പിരിച്ചുവിടുന്ന കോളേജ് മാനേജുമെന്റുകളുടെ ദുശ്ചെയ്തികളെപ്പററി ഒരുപാട് സംഭവകഥകൾ കേരളത്തിൽ എല്ലാവർക്കും അറിയാവുന്നതാണ്. പ്രൊ: എം. പി. പോൾ, ജോസഫ് മുണ്ടശ്ശേരി തുടങ്ങി സമൂഹത്തിൽ ലബ്ധപ്രതിഷ്ഠരായ മഹാശയൻമാർപോലും മാനേജുമെന്റുകളുടെ നയവൈകല്യങ്ങൾക്ക് പാത്രമായി ജോലി നഷ്ടപ്പെട്ടവരാണ്.

വളരെ അദ്ധ്യാപകർ വർഷങ്ങളോളം ജോലി ചെയ്താലും താൽക്കാലിക ജീവനക്കാരായി കഴിഞ്ഞുകൂടേണ്ടി വന്നിട്ടുണ്ട്. ആ കാലങ്ങളിൽ താൽക്കാലിക ജീവനക്കാരെ എന്തു കുററവുമാരോപിച്ച് ഏത് നിമിഷത്തിലും പിരിച്ചുവിടുവാൻ മാനേജ്മെന്റുകൾക്ക് നിഷ്പ്രയാസം സാധിക്കുമായിരുന്നു. ജോലി സ്ഥിരതയില്ലാത്ത ഒരു 'പെർമെനന്റലി ടെംപററി' വിഭാഗം തന്നെ ഉണ്ടായിരുന്നു. മിഷ്യനറി സ്ഥാപനങ്ങൾ നടത്തുന്ന പല കോളേജുകളിലും അദ്ധ്യാപികമാരുടെ കാര്യം കുറെ കൂടി ദയനീയമായിരുന്നു. അവർ വിവാഹിതരായാൽ ജോലിനഷ്ടപ്പെടുമെന്ന ഒരു സ്ഥിതി വിശേഷം ഈ നാട്ടിൽ ഉണ്ടായിരുന്നു! ഗർഭവതികളാകുമെന്നും, അവർക്ക് പ്രസവാവധി നൽകേണ്ടി വരുമെന്നുമുള്ള 'ആശങ്ക'യാൽ അവരെ നിഷ്ക്കരുണം പിരിച്ചുവിട്ട മാനേജുമെന്റുകളുണ്ട്. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ സൂസൻ കോശി ഈ ക്രൂരതക്കു വിധേയയായ ഒരു അദ്ധ്യാപികയാണ്. കേരളത്തിലെ പ്രശസ്ത വനിതാ കോളജുകളായ സെൻറ് തെരേസാസ്, സെൻറ് മേരീസ് എന്നിവയിലും ഇതേ സ്ഥിതിവിശേഷം തന്നെ നിലവിലിരുന്നു. ഇരുപതാം നൂററാണ്ടിൽ ഒരു പരിഷ്കൃത സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന ഉന്നത ബിരുദധാരിണികളായ നമ്മുടെ സഹോദരിമാർക്ക് ഈ കാട്ടുനീതിയുടെ ഇരകളാകേണ്ടി വന്നു എന്ന വസ്തുത സംസ്ക്കാരമുള്ള ഏത് കേരളീയനേയും ലജ്ജിപ്പിക്കുന്ന ഒന്നാണ്. ഈ ധിക്കാരത്തിനും അധികാര ഗർവ്വിനുമെതിരായി നിയമസംരക്ഷണം ആവശ്യപ്പെടാൻ നമുക്ക് മാർഗങ്ങളില്ലായിരുന്നു. നിയമദത്തസംരക്ഷണം എന്ന ഒന്ന് നമുക്ക് ഉണ്ടായിരുന്നില്ല. കോടതികളിൽ എത്തിയ പരാതികൾ സ്വകാര്യകോളേജ് മാനേജ്മെണ്ടുകളുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ വേലക്കാരുടേതിൽ കൂടുതലായി ഒരു നിയമ പദവിയും ഇല്ല എന്ന അടിസ്ഥാനത്തിൽ തള്ളിക്കളയപ്പെട്ടു. നിസ്സഹായരായി മാനേജർമാരുടെ ക്രൂരതാണ്ഡവങ്ങൾക്കിരയായി കഴിഞ്ഞുവന്ന പ്രൈവററ് കോളേജ് അദ്ധ്യാപക

സമൂഹം സംഘടിക്കുകയും അവകാശങ്ങൾക്കുവേണ്ടി പടപൊരുതുന്ന ഒരു പ്രസ്ഥാനത്തിൽ നില ഉറപ്പിക്കുകയും ചെയ്തതോടെയാണ് ഇവിടത്തെ കോളേജ് മേധാവികളുടെ ദർപ്പവും നിരങ്കുശമായ അദ്ധ്യാപകമർദ്ദനവും ഒട്ടൊന്ന് ശമിച്ചത്.

സേവന ഭദ്രതയ്ക്കുവേണ്ടി നാം നടത്തിയ പോരാട്ടങ്ങൾ അനേകങ്ങളാണ്. അഖില കേരള അടിസ്ഥാനത്തിൽ നടത്തിയ സമരപ്രസ്ഥാനങ്ങൾക്കു പുറമെ, ഒററപ്പെട്ട കോളേജുകളിൽ ബന്ധപ്പെട്ട മാനേജ്മെണ്ടുകൾക്കെതിരെ A. K. P. C. T. A യുടെ കൊടിക്കീഴിൽ അദ്ധ്യാപകർ നടത്തിയ ധീരമായ ചെറുത്തുനിൽപ്പും ത്യാഗോജ്ജ്വലമായ സമരങ്ങളും നമ്മുടെ അവശതകളെക്കുറിച്ച് സമൂഹത്തെ ബോദ്ധ്യപ്പെടത്തുന്നതിന് സഹായിച്ചു. 1963–ൽ തൃശൂർ കേരളവർമ്മ കോളേജിലും 1966-ൽ കോഴിക്കോട് ഗുരുവായൂരപ്പൻകോളേജിലും പ്രിൻസിപ്പൽമാരെ അതാത് മാനേജ്മെണ്ടുകൾ കെട്ടിച്ചമച്ച കാരണങ്ങൾ ഉണ്ടാക്കി പിരിച്ചുവിട്ടു. കേരളവർമ്മയിലെ പ്രശ്നം ഹൈക്കോടതിയിലെത്തിയെങ്കിലും നിയമത്തിൻെറ കരിമ്പാറക്കെട്ടുകളിൽ ചെന്നടിച്ച് ആ കേസ് തകർന്നുപോയി. ഗുരുവായൂരപ്പനിൽ A. K. P. C. T. A യുടെ നേതൃത്വത്തിൽ ആവേശകരമായ സമരം നടന്നു. കേരളത്തിലെ പ്രൈവററ്കോളേജ് അദ്ധ്യാപകസമൂഹമാകെ ഒന്നിച്ചണിനിരന്നുകൊണ്ട് ആ അനീതിക്കെതിരെ പോരാടി. പ്രിൻസിപ്പൽ ശ്രീ. മാധവൻനമ്പ്യാരെ ന്യായമായ ഒരു കാരണവുമില്ലാതെ പിരിച്ചുവിട്ട മാനേജ്മെൻറിൻെറ അദ്ധ്യാപക വിരുദ്ധനടപടിയിൽ പ്രതിഷേധിച്ച് ആ കോളേജിലെ വർഗ്ഗബോധമുള്ള ഒരു വിഭാഗം അദ്ധ്യാപകർ അന്ന് A. K. P. C. T. A യുടെ സംസ്ഥാന ജോയിൻറ് സെക്രട്ടറിയായിരുന്ന പ്രൊ. ഐ ജി. ഭാസ്ക്കരപ്പണിക്കരുടെ നേതൃത്വത്തിൽ സമരമാരംഭിച്ചു. അന്യായമായി പിരിച്ചുവിട്ട പ്രിൻസിപ്പൽ ശ്രീ. നമ്പ്യാരെ നിരുപാധികം തിരിച്ചെടുപ്പിക്കുന്നതിനായി പ്രൊഫ: ഐ. ജി ബി. യുൾപ്പെടെ അഞ്ച് ധീരസത്യാഗ്രഹികൾ മരണംവരെ ഉപവാസം ആരംഭിച്ചു.

സേവനഭദ്രതയ്ക്കുവേണ്ടി A. K. P. C. T. A പ്രവർത്തകർ തങ്ങളുടെ ജീവൻതന്നെ ബലികഴിക്കാൻ തയ്യാറായ ആ ധീരസംരഭം നമ്മുടെ സമര പ്രസ്ഥാനത്തിൽ നവചൈതന്യം വിതറിയ ഒന്നായിരുന്നു. പ്രശ്നം ഒത്തുതീർപ്പിലെത്തിയില്ലെങ്കിൽ അഖില കേരള അടിസ്ഥാനത്തിൽ പ്രത്യക്ഷസമരമാർഗ്ഗങ്ങൾ അവലംബിക്കുമെന്ന് അസോസിയേഷൻ മുന്നറിയിപ്പു നൽകി. നമ്മുടെ അഞ്ച് സമരസേനാനികളുടെ ജീവൻ ശ്രേഷ്ഠമായ ഒരു ലക്ഷ്യത്തിനുവേണ്ടിയാണെങ്കിലും അനുദിനം അപകടത്തിലായിരുന്നപ്പോൾ ഗുരുതരമായ ഒരു സ്ഥിതിവിശേഷംതന്നെ കോഴിക്കോട് സംജാതമായി. അഡ്വൈസർ രാഘവാചാരി പ്രശ്നത്തിൽ ഇടപെടുകയും, ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും ചെയ്തു. ശ്രീ. നമ്പ്യാർക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പററി അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുവാൻ ശ്രീ. ഗംഗാധരൻതമ്പിയെ ഏകാംഗകമ്മീഷനായി നിയമിച്ചു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. മാധവൻ നമ്പ്യാർ പിരിച്ചുവിടലിന്ന് ഇടയാകത്തക്കവണ്ണം ഒരു കുററവും ചെയ്തിട്ടില്ലെന്ന് പ്രസ്താവിച്ചിരുന്നു. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ തമ്പി കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുമെന്ന് സമ്മതിച്ചിരുന്ന മാനേജ്മെൻറ് വിസമ്മതിച്ചു. പ്രൈവററ് കോളേജ് അദ്ധ്യാപകൻെറ നിലനിൽപിനു നേരെ മുഴങ്ങിയ ഈ വെല്ലുവിളിയെ നാം നേരിടുക തന്നെ ചെയ്തു. വീണ്ടും പ്രത്യക്ഷ സമര പരിപാടിയിലേക്ക് തന്നെ നാം നീങ്ങി. കോഴിക്കോട് കലക്ടറേററിന് മുന്നിൽ നമ്മുടെ സമരഭടൻമാർ സൂചനാ സത്യാഗ്രഹങ്ങളും, തിരുവനന്തപുരത്ത് സെക്രട്ടറിയേററിനു മുമ്പിൽ കൂട്ടസത്യാഗ്രഹവും പ്രകടനവും നടത്തി. അനുകൂലമായ പ്രതികരണങ്ങൾ എന്നിട്ടും ഉണ്ടാവാതെ വന്നപ്പോൾ മരണം വരെ ഉപവസിക്കുമെന്ന പ്രതിജ്ഞയുമായി അഞ്ച് സന്നദ്ധ സേനാനികൾ സെക്രട്ടറിയേററ് നടയിൽ നിരാഹാര സമരമാരംഭിച്ചു. മുമ്പെങ്ങുമില്ലാത്തവിധം നമ്മുടെ പ്രശ്നങ്ങളിലേക്ക് ജനശ്രദ്ധയാകർഷിച്ചു ഈ സമരം. അവസാനം മാധവൻ നമ്പ്യാർ പ്രശ്

നത്തിൽ തമ്പികമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ കഴിയുന്നത് ശ്രമിക്കുമെന്നും, പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് നിയമാധിഷ്ഠിത സേവന വ്യവസ്ഥകൾ നൽകുന്ന വകുപ്പുകൾ കേരള യൂണിവേഴ്സിററി നിയമത്തിൽ ഉൾപ്പെടുത്തുവാനുള്ള ഭേദഗതി ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നും ഉള്ള ഗവൺമെൻറ് ഉറപ്പിൻെറ അടിസ്ഥാനത്തിൽ സമരം പിൻവലിക്കപ്പെട്ടു.

സേവനഭദ്രതയില്ലാത്ത അദ്ധ്യാപകൻെറ ദയനീയനില, ഗുരുവായൂരപ്പൻ കോളേജിലെ സംഭവം കൂടുതൽ വ്യക്തമാക്കി. കേരളാ യൂണിവേഴ്സിററി നിയമത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തി പുതിയൊരുനിയമം നിർമ്മിക്കണമെന്ന പൊതുജനാഭിപ്രായം സൃഷ്ടിക്കുവാൻ നമുക്ക് കഴിഞ്ഞു. 1969-ൽ പുറത്തു വന്ന കേരള യൂണിവേഴ്സിററി നിയമത്തിൽ പ്രൈവററ് കോളേജ് അദ്ധ്യാപകരെ സംബന്ധിക്കുന്ന ഒരു പ്രത്യേക അദ്ധ്യായം തന്നെ എഴുതിച്ചേർക്കുവാൻ അധികാരികൾ ഒരുങ്ങിയെന്നത് ഈ വിഷയത്തിൽ നാം നടത്തിയ നിരന്തര സമരങ്ങളുടെ വിജയത്തെ സൂചിപ്പിക്കുന്നതാണ്.

യൂണിവേഴ്സിററി ബില്ലിൻെറ സിലക്ട് കമ്മററി മുമ്പാകെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നാം തെളിവുകൾ കൊടുത്തു. നിയമവിദഗ്ദ്ധൻമാരിൽനിന്ന് A. K. P. C. T. A. സമാഹരിച്ച വിദഗ്ദ്ധോപദേശങ്ങൾ അവരുടെ മുമ്പിൽ ഹാജരാക്കി. നമ്മുടെ നിർദ്ദേശങ്ങൾ ബില്ലിൽ ഉൾക്കൊള്ളിക്കുന്നതിനായി A. K. P. C. T. A. യുടെ ബാനറിൽ നാം രംഗത്തിറങ്ങി. സ്വകാര്യ "കാളേജ്" അദ്ധ്യാപകൻെറ സേവന വ്യവസ്ഥകൾ വ്യക്തമായി ഉൾക്കൊള്ളുന്ന ഒരു അദ്ധ്യായംതന്നെ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്ന നമ്മുടെ ആവശ്യത്തിന്ന് അനുകൂലമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിനായി 1968 ജനുവരി 21–ാം തീയതി തിരുവനന്തപുരത്തുവച്ച് ഒരു കൺവെൻഷൻ വിളിച്ചുകൂട്ടുകയും 3000-ൽ പരം അദ്ധ്യാപകർ പങ്കെടുത്ത ഒരു ഉശിരൻ പ്രകടനം നടത്തുകയും ചെയ്തു. കൺവെൻഷൻെറ തീരുമാനമനുസരിച്ച് 12-2-'68 മുതൽ 7 ദിവസം നീണ്ടുനിന്ന ഒരു പൊതുപണിമുടക്കു സമരം നാം നടത്തി. ഇതിനു മുമ്പൊരിക്കലും കേരളത്തിൽ കോളേജ് അദ്ധ്യാപകർ പണിമുടക്കിയ സംഭവം ഉണ്ടായിട്ടില്ല. സ്വന്തം നിലനിൽപ്പിൻെറ ഭാഗമായ ഒരു ധർമ്മസമരമെന്ന നിലയിൽ അഭൂതപൂർവ്വമായ ആവേശത്തോടും ത്യാഗമനസ്ഥിതിയോടുംകൂടി A. K. P. C. T A. യുടെ ആഹ്വാനം ചെവിക്കൊണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പ്രൈവററ് കോളേജ് അദ്ധ്യാപകർ വിദ്യാലയങ്ങൾ വിട്ടിറങ്ങി. കേരളത്തിൻെറ സാംസ്കാരിക മനസ്സാക്ഷി സ്തംഭിച്ചുനിന്ന നിമിഷങ്ങളായിരുന്നു അവ. ജോലി സ്ഥിരതയില്ലാത്ത പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ പ്രശ്നം എത്രമേൽ തീവ്രതരമാണെന്നും അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾ എത്രകണ്ട് ദയനീയമാണെന്നും നമ്മുടെ നാട്ടിലെ പുരോഗമന ശക്തികളെയും നല്ലവരായ ജനങ്ങളെയും ഈ പണിമുടക്കുസമരം ബോദ്ധ്യപ്പെടുത്തി. ബൃഹസ്പതിയുടെ പിൻഗാമികളായ അദ്ധ്യാപകർക്ക് വീട്ടുവേലക്കാരൻെറ സേവന സ്ഥിരതപോലുമില്ലെന്ന വസ്തുത അവരെ വേദനിപ്പിച്ചു. ഇന്നാട്ടിലെ പ്രബുദ്ധരായ ജനനേതാക്കളും സാംസ്കാരിക നായകരും പത്രങ്ങളും നമ്മുടെ സമരത്തെ അനുഭാവപൂർവ്വം വീക്ഷിക്കുകയും നമുക്കനുകൂലമായ പ്രസ്താവനകളും മുഖപ്രസംഗങ്ങളും എഴുതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പ്രൈവററ് കോളേജ് അദ്ധ്യാപകൻെറ ഈ ജീവൽപ്രശ്നം സാമൂഹ്യപുരോഗതിക്കുതന്നെ തടസ്സം നിൽക്കുന്ന ഒന്നാണെന്ന് കണ്ടറിഞ്ഞ തൊഴിലാളിപ്രസ്ഥാനങ്ങളും വിദ്യാർത്ഥിപ്രസ്ഥാനങ്ങളും നമ്മുടെ പിന്നിൽ അണിനിരന്നു. അജയ്യമായ ഒരു സംഘടിത ശക്തിയായി നിലകൊണ്ട നമ്മുടെ ശബ്ദം അർഹിക്കുന്ന ഗൌരവത്തോടെതന്നെ അന്നത്തെ ഗവർമ്മെൻറ് ചെവിക്കൊണ്ടു. സർക്കാരിൻെറ നേതൃത്വത്തിൽ നടന്ന ഒത്തുതീർപ്പ് സംഭാഷണങ്ങളുടെ ഫലമായി അദ്ധ്യാപകന് നിയമാധിഷ്ഠിത സേവനഭദ്രതയും മെച്ചപ്പെട്ട സേവന വ്യവസ്ഥകളും ഉറപ്പുവരുത്തുന്ന വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് യൂണിവേഴ്സിററി

നിയമം പാസ്സാക്കാമെന്ന് ഗവൺമെൻറ് ഉറപ്പുതന്നു. സിലക്ട്കമ്മററി നമ്മുടെ ആവശ്യങ്ങളായ യൂണിവേഴ്സിററി ഭരണസമിതികൾ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ട വ്യവസ്ഥകളും, ഇന്ത്യയിലെ മററു യൂണിവേഴ്സിററി നിയമങ്ങളിൽനിന്ന് വിഭിന്നമായി പ്രൈവററ്കോളേജ് അദ്ധ്യാപകൻെറ സേവന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച ഒരു പ്രത്യേക അദ്ധ്യായവും (8–ാം അധ്യായം) ബില്ലിൽ ചേർത്തുകൊണ്ട് ശുപാർശകളയച്ചു. നമ്മുടെ സംഘടനയുടെ ചരിത്രത്തിലാദ്യമായി നാം നടത്തിയ പണിമുടക്ക് സമരത്തിൻെറ വിജയവൈജയന്തിയായി ഈ അദ്ധ്യായം യൂണിവേഴ്സിററി ബില്ലിൽ സ്ഥലംപിടിച്ചു.

കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോൾ നമ്മുടെ വർഗ്ഗശത്രുക്കൾ വിഷം ചീററി രംഗത്തെത്തി. കൊല്ലും കൊലയും കുലാധികാരമായുള്ള ഇക്കൂട്ടർ മതവികാരങ്ങളും വർഗ്ഗീയതയും ഇളക്കിവിട്ടുകൊണ്ട് പുതിയ ബില്ലിനെ നഖശിഖാന്തം എതിർത്തു. പുതിയ ബില്ലിലെ വ്യവസ്ഥകൾ അദ്ധ്യാപകർക്ക് ഗുണം ചെയ്യുന്നവയല്ലെന്ന പ്രചരണം മാനേജുമെൻറുകളുടെ പിണിയാളുകളായ ഒരുപററം പ്രിൻസിപ്പാൾമാരുടെ ഒരു കടലാസ്സ്സംഘടനയും മാനേജർമാരുടെ പാദസേവ ജീവിതവ്രതമായി കണക്കാക്കിയിട്ടുള്ള ചില അദ്ധ്യാപകരും അഴിച്ചുവിട്ടു. കാലഗതി കാണാൻ കൂട്ടാക്കാത്ത ചില ദിനപത്രങ്ങളും മററ് പരിവർത്തന വിരോധികളുംകൂടി ആകപ്പാടെ അന്തരീക്ഷം വീണ്ടും കലുഷിതമാക്കി. പ്രചണ്ഡമായ ഈ പ്രചാരണ കോലാഹലങ്ങളുടെമുമ്പിൽ, കേരള രാഷ്ട്രീയ ചരിത്രത്തിൻെറ പശ്ചാത്തലത്തിൽ ഗവർമ്മെൻറ് വഴങ്ങിയേക്കുമെന്ന ഭയം നമ്മെ വീണ്ടും ആശങ്കാകുലരാക്കി. നമ്മുടെ സംഘടിതശക്തി ഒന്നുകൊണ്ടുമാത്രമേ ഈ പിന്തിരിപ്പൻ ശക്തികളെ തളച്ചുനിർത്താനാവൂ എന്ന് ബോദ്ധ്യം വന്നതിനാൽ 1968 ഒക്ടോബറിൽ തിരുവനന്തപുരത്തുവെച്ച് ഒരു സ്പെഷ്യൽ കൺവെൻഷനും പ്രകടനവും നാം സംഘടിപ്പിച്ചു. കൺവെൻഷൻെറ നിർദ്ദേശമനുസരിച്ച് സിലക്ട് കമ്മററി റിപ്പോർട്ട് പരിഗണനയ്ക്ക് എടുത്ത നിയമസഭയുടെ മുമ്പിൽ പതിനേഴുദിവസങ്ങളോളം നമ്മുടെ സന്നദ്ധഭടൻമാർ സത്യാഗ്രഹമനുഷ്ഠിച്ചു. സെലക്ട് കമ്മററി റിപ്പോർട്ട് ചെയ്തവിധത്തിൽതന്നെ യൂണിവേഴ്സിററി നിയമം പാസ്സാക്കി എടുക്കണമെന്ന് ആവശ്യം ഉന്നയിച്ചുകൊണ്ട് ആയിരക്കണക്കിന് അദ്ധ്യാപകർ ഒപ്പിട്ട ഭീമഹർജി നിയമസഭാസ്പീക്കർക്ക് സമർപ്പിച്ചു. നമ്മുടെ ആശയാഭിലാഷങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമം ഉണ്ടായിക്കാണുവാൻ ഉള്ള അദമ്യമായ ആഗ്രഹ അഭിനിവേശത്താൽ പ്രചോദിതരായി ഏഴ് സന്നദ്ധസേനാനികൾ വേണ്ടിവന്നാൽ മരണംവരെ ഉപവസിക്കുന്നതിന് തയ്യാറായി രംഗത്തുണ്ടായിരുന്നു. ഭരണകക്ഷിയുടെ ഏകോപനസമിതി യോഗത്തിൻെറ മുമ്പിൽ നിമിഷവേഗത്തിൽ സംഘടിപ്പിച്ച ഒരു ഉശിരൻ പ്രകടനം നാം കാഴ്ചവെച്ചു. സിലക്ട്കമ്മററി റിപ്പോർട്ടിൽ സാരമായ മാററങ്ങൾ വരുത്താതെ ബിൽ പാസ്സാക്കുകയാണെങ്കിൽ കോളേജുകൾ അടച്ചിടുമെന്ന് വളരെ ലാഘവബുദ്ധിയോടുകൂടി മാനേജർമാർ മുഴക്കിയ ഭീഷണിയെ നേരിടാൻവേണ്ടി വിവിധ വിദ്യാർത്ഥിപ്രസ്ഥാനങ്ങളുടെയും, സെനറേറർസ് ഫോറത്തിൻെറയും, പ്രൈവററ് കോളേജ് മിനിസ്റ്റീരിയൽ സ്ററാഫ് ഫെഡറേഷൻെറയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സംയുക്ത സമരസമിതി രൂപീകരിച്ച്, കോളേജുകൾ സുഗമമായി പ്രവർത്തിക്കുവാൻ വേണ്ട സന്നാഹങ്ങളുമായി നാം സുസജ്ജരായിനിന്നു. ഇങ്ങിനെ നാം പുലർത്തിയിരുന്ന ജാഗ്രതയുടേയും പ്രവർത്തനങ്ങളുടെയും ഫലമായി സുപ്രധാനമായ എട്ടാം അദ്ധ്യായം അതേപടി നിലനിർത്തിക്കൊണ്ട് യൂണിവേഴ്സിററി ഭരണസമിതികളിൽ ന്യായമായ അദ്ധ്യാപക പ്രാതിനിധ്യം അനുവദിച്ചുകൊണ്ടും പുതിയ യൂണിവേഴ്സിററി ബിൽ നിയമസഭ പാസ്സാക്കി. പ്രൈവററ്കോളേജ് അദ്ധ്യാപകൻെറ അവകാശരേഖയായി വിശേഷിപ്പിക്കപ്പെട്ട, ഉന്നതവിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ ഫലങ്ങൾ ഉളവാക്കുമായിരുന്ന ഈ ബിൽ പാസ്സാക്കാൻ മുൻകൈ എടുത്ത അന്നത്തെ ഗവർമ്മെൻറിൻെറ ക്രാന്തദർശിത്വത്തെയും, ഇക്കാര്യത്തിൽ പ്രബുദ്ധമായ ഒരു നിലപാടെടുത്ത അന്നത്തെ പ്രതിപക്ഷത്തെയും, സെലക്ട് കമ്മററി അംഗങ്ങളുടെ ദീർഘവീക്ഷണത്തെയും

കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ കൃതജ്ഞതാപൂർവ്വം സ്മരിക്കുമെന്നതിൽ സംശയമില്ല.

വിധി വൈപരീത്യമെന്നല്ലാതെ മറെറന്തു പറയാൻ? ഭഗീരഥപ്രയത്നം ചെയ്ത് നാം കൈവരിച്ച ഈ മഹത്തായ നേട്ടം ഭരണഘടനയുടെ കുന്തമുനകളേററ് ദുർമൃതിയടഞ്ഞ കഥ പിൽക്കാലചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

തങ്ങൾ ഇതുവരെ നിർബാധം നടത്തിപ്പോന്നിരുന്ന അദ്ധ്യാപക ചൂഷണത്തിനും, മർദ്ദനത്തിനും വിലങ്ങുതടിയായേക്കാവുന്ന ചില വകുപ്പുകൾ അടങ്ങിയ യൂണിവേഴ്സിററി നിയമം സർവ്വശക്തിയും എടുത്തെതിർത്തിട്ടും കേരള നിയമസഭ പാസ്സാക്കിയപ്പോൾ ഇന്നാട്ടിലെ പ്രൈവററ് കോളേജ് മാനേജുമെൻറുകൾ അടിയേററ പാമ്പിനെപ്പോലെ പ്രതികാരസന്നദ്ധമായി. അദ്ധ്യാപകർക്ക് ഇന്നോളം കൈവരാത്ത സേവനഭദ്രത ഈ നിയമത്തിലൂടെ ലഭിക്കുമെന്ന പ്രതീക്ഷയിൽ A.K.P.C.T.A. യുടെ ആഹ്വാനമനുസരിച്ച് കേരള യൂണിവേഴ്സിററി ബില്ലിന് ജീവൻ നൽകാൻ എന്തു വിലകൊടുത്തും രംഗത്തിറങ്ങുകയും പണിമുടക്കുകയും ചെയ്ത അദ്ധ്യാപകരെ ഒരു പാഠം പഠിപ്പിക്കുവാനെന്നോണം വ്യാപകമായ തോതിൽ പിരിച്ചുവിടലുകൾ ആരംഭിച്ചു. ഇതുവരെ നാം നടത്തിയ സമരപ്രസ്ഥാനങ്ങളെല്ലാം പരോക്ഷമായി മാനേജരെ സഹായിക്കുന്നവയായിരുന്നു. ഇതഃപര്യന്തമുള്ള നമ്മുടെ സമരങ്ങളിൽ ശമ്പളവർദ്ധനവും ക്ഷാമബത്താ വർദ്ധനവുമായിരുന്നുവല്ലോ പ്രധാന ആവശ്യങ്ങൾ, ഗവർമ്മെൻറ് ഇവ അനുവദിച്ചപ്പോഴൊക്കെ അതിൻെറ മെച്ചം അദ്ധ്യാപകനേക്കാൾ കൂടുതൽ കിട്ടിയത് മാനേജർക്കാണ്. വർദ്ധിച്ച ഗ്രാൻറ് അവർക്കു ലഭിച്ചു. പലപ്പോഴും അദ്ധ്യാപകന് മുഴുവൻ ശമ്പളവർദ്ധനയും നൽകിയതുമില്ല. പക്ഷെ, ഇത്തവണ നാം നടത്തിയ പൊതുപണിമുടക്കും മററു സമരങ്ങളും അവയുടെ പ്രത്യക്ഷഫലമായ യൂണിവേഴ്സിററി നിയമവും മാനേജർമാരുടെ സ്ഥാപിതതാൽപര്യങ്ങളിൽ കനത്ത ആഘാതങ്ങൾ ഏൽപിക്കുകതന്നെ ചെയ്തു.

1967–68 അദ്ധ്യായനവർഷത്തിൻെറ അവസാനം കേരളത്തിൽ അങ്ങോളമിങ്ങോളം ആരംഭിച്ച പിരിച്ചുവിടൽ എന്ന സംഹാരപ്രക്രിയയുടെ കരിനിഴലോടെയാണ് 1968–'69 അദ്ധ്യയനവർഷം ആരംഭിച്ചത്. സംഘടനയുടെ പല ഘടകങ്ങളിലും ഇതിനെതിരായ പ്രതികരണം വേണ്ടത്ര ആവേശപൂർണ്ണമായിരുന്നില്ല എന്നാൽ A.K.P.C.T.A. ക്ക് ജൻമം നൽകിയ S.N. കോളേജ് ഈ വെല്ലുവിളി നേരിടുക തന്നെ ചെയ്തു. ഏററവും ശക്തമായ ഒരു കോർപ്പറേററ് മാനേജ്മെൻറിനെയും, അവരുടെ രണ്ടാം നിരയായി പ്രവർത്തിച്ച ഒരു സംഘം ഗുണ്ടകളെയും നേരിട്ടുകൊണ്ട് സംഘനാബോധമുള്ള ഒരു അദ്ധ്യാപക വിഭാഗം A.K.P.C.T.A. യുടെ നേതൃത്വത്തിൽ നടത്തിയ ആ ഐതിഹാസിക സമരം 60 ദിവസം നീണ്ടുനിന്നു. ബഹുജനങ്ങളുടെ നിരന്തരസഹായവും, അദ്ധ്യാപകരുടെ പതറാത്ത നിശ്ചയദാർഢ്യവും മൂലം പിരിച്ചുവിടപ്പെട്ട 37 പ്രൊബേഷണറി അദ്ധ്യാപകരിൽ 36 പേരെയും ഉഗ്രശാസനനായിരുന്ന മുൻമുഖ്യമന്ത്രി ആർ. ശങ്കറിനെകൊണ്ട് തിരിച്ചെടുപ്പിക്കുവാൻ സാധിച്ചത് നമ്മുടെ സംഘടനയുടെ ചരിത്രത്തിൽ ഉജ്ജ്വലമായ ഒരു നേട്ടമാണ്. ഭീഷണിക്കും പ്രലോഭനങ്ങൾക്കും ഗുണ്ടായിസത്തിനും മുമ്പിൽ തലകുനിക്കാതെ നിന്ന S.N. കോളേജ് അദ്ധ്യാപകരും അസാധാരണമായ മനസ്സാന്നിദ്ധ്യത്തോടെ ഉറച്ചുനിന്ന അദ്ധ്യാപികമാരും കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിൻെറ നിത്യരോമാഞ്ചങ്ങളാണ്.

എസ്. എൻ. കോളേജ് അദ്ധ്യാപകരുടെ ഐക്യദാർഢ്യവും, സംഘടനയിലുള്ള അചഞ്ചലമായ വിശ്വാസവും വിളിച്ചറിയിച്ച ഈ ധീരസമരത്തിൻെറ പരിസമാപ്തി മാനേജ്മെൻറിന് അപമാനകരമായ വിധത്തിലായിരുന്നു. തൽക്കാലം പത്തിമടങ്ങിയ അവരുടെ അധികാര ദർപ്പം അദ്ധ്യാപകസമരത്തിൻെറ ചുക്കാൻ പിടിച്ചിരുന്ന നേതാക്കളെയും പ്രവർത്തകരേയും തെരഞ്ഞുപിടിച്ച് വേട്ടയാടുവാൻ പഴുതു നോക്കിയിരുന്നു. സമരത്തിനുശേഷം അവരെ കൂട്ടത്തോടെ സ്ഥലം മാററി. ഈ

സമരത്തിന്റെ നിർണ്ണായക ഘട്ടങ്ങളിലും അതിനുമുൻപും പുരോഗമന മുഖംമൂടിയണിഞ്ഞ എസ്. എൻ. മാനേജ്മെന്റിന്റെ അഴിമതികളെ പൊതുജനസമക്ഷം കൊണ്ടുവരുന്നതിൽ പ്രധാന പങ്കു വഹിച്ച ശ്രീ. എൻ. രാജശേഖരൻ നായരോട് മാനേജ്മെന്റിന് പ്രത്യേക പക തന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തെ കൊല്ലം കോളേജിൽനിന്ന് ചേർത്തല കോളേജിലേക്കാണ് സ്ഥലം മാററിയത്. രാജശേഖരൻനായരെ ദ്രോഹിക്കുന്നതിലൂടെ മാനേജ്മെന്റിന്റെ നല്ലപിള്ളയാകാൻ അവസരം പാർത്തുനിന്ന ഒരു പ്രിൻസിപ്പലായിരുന്നു അവിടെ ഉണ്ടായിരുന്നത്. എസ്. എൻ. കോളേജ് അദ്ധ്യാപകരുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സംഘടിത ശക്തി ഒരുക്കുന്നതിൽ വ്യാപൃതനായ രാജശേഖരൻനായരെ ഏററവും നീചവും ഹീനവുമായ വിധത്തിൽ തേജോവധം ചെയ്യുവാനും സ്വഭാവഹത്യപോലും നടത്തുവാനും, വിദ്യാഭ്യാസംകൊണ്ട് സ്വതന്ത്രരാവാനും, സംഘടനകൊണ്ട് ശക്തരാകാനും, ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി കഴിഞ്ഞിരുന്ന ജനലക്ഷങ്ങളോട് ആഹ്വാനം ചെയ്ത മഹാപുരുഷന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്ന ഒരു മാനേജ്മെന്റ് വ്യഗ്രത കാട്ടി എന്നത് ഒരു വിരോധാഭാസമായി തോന്നാം. 'ഒരു ജാതി, ഒരുമതം' എന്ന വിശ്വോത്തരസൂക്തം ഉദ്ഘോഷിച്ച ആ ചരിത്രപുരുഷന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ ശ്രീ. രാജശേഖരൻനായരുടെ നേതൃത്വത്തിൽ തഴച്ചുവളർന്ന അദ്ധ്യാപക സമൂഹത്തിന്റെ സംഘടിതപ്രതിഷേധത്തെ ജാതിചിന്തവരെ ഉപയോഗിച്ച് നേരിടാൻ ശ്രമിച്ചു. രാജശേഖരൻനായരെ 'സംഹരിക്കുവാൻ' കൊതിപൂണ്ട് നിന്ന മാനേജ്മെന്റ് കള്ളക്കേസുകളുടെ അടിസ്ഥാനത്തിൽ ഒരു അന്വേഷണപ്രഹസനം നടത്തി. 1970 മാർച്ച് 4-ാം തീയതി അദ്ദേഹത്തെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടു. നിയമദത്ത സംരക്ഷണമില്ലാത്ത നമ്മുടെ ദുരവസ്ഥയിൽ അദ്ദേഹത്തിന് നീതിപീഠങ്ങളിൽനിന്ന് നീതി ലഭിച്ചില്ല. തനിക്കും തന്റെ സഹപ്രവർത്തകർക്കും മാന്യമായ സേവനവ്യവസ്ഥകളും, മററാനുകൂല്യങ്ങളും വേണമെന്ന ശ്രേഷ്ഠവികാരത്താൽ പ്രചോദിതനായി അനീതിക്കും അധർമ്മത്തിനുമെതിരായി നടത്തിയ സമരത്തിൽ തന്റെ തൊഴിൽ നഷ്ടപ്പെട്ട അദ്ദേഹത്തെ കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകസമൂഹം വിസ്മരിച്ചില്ല. പ്രൈവററ് കോളേജ് അദ്ധ്യാപകപ്രസ്ഥാനത്തിന് കരുത്തേററിയ ശ്രീ. രാജശേഖരൻനായർക്ക് നിയമത്തിലൂടെ പരിരക്ഷ നൽകാൻ സാധിക്കാതെ വന്നപ്പോൾ നാം അമ്പത്തി ആറായിരത്തിലധികം വരുന്ന തുക പിരിച്ചു നൽകി.

ഏതാണ്ട് ഇതേ കാലത്തുതന്നെ കോട്ടയം ബസേലിയസ്, കൊല്ലം ഫാത്തിമ മാത, കാലടി ശ്രീ ശങ്കര, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്, കോട്ടയം സി. എം. എസ്. കോലഞ്ചേരി സെന്റ് പീറേറഴ്സ് എന്നീ കോളേജുകളിൽ പിരിച്ചുവിടലിനെതിരായും സേവനഭദ്രതയ്ക്കുവേണ്ടിയും പണിമുടക്ക് ഉൾപ്പെടെയുള്ള പ്രത്യക്ഷ സമരങ്ങൾ നടക്കുകയുണ്ടായി. ഇതിൽ കൊല്ലം ഫാത്തിമ മാതായിലെ പ്രശ്നം ഒരു അഖിലകേരള പണിമുടക്കു സമരത്തിനുതന്നെ വഴിവെച്ചു. പതിന്നാലു പേരുള്ള ഒരു ചെറിയ യൂണിററായിരുന്നിട്ടും, അദ്ധ്യാപകരെ പിരിച്ചു വിടുന്നതിൽ പണ്ടു മുതലെ ചരിത്രം സൃഷ്ടിച്ച അതിശക്തമായ ഒരു മാനേജ്മെന്റിനെ ചെറുത്തുനിൽക്കുന്നതിൽ അസാമാന്യമായ ധീരതയും കർമ്മശേഷി പ്രകടിച്ചവരാണ് ഫാത്തിമയിലെ സുഹൃത്തുക്കൾ. നാലും അഞ്ചും കൊല്ലം സർവ്വീസുള്ള ചില സ്ഥിരാദ്ധ്യാപകരെ പിരിച്ചുവിട്ട മാനേജ്മെന്റ്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മണ്ഡലത്തെ ആകെ നിശ്ചേനമാക്കിയ അദ്ധ്യാപകസമരത്തെ മതവികാരങ്ങളുണർത്തി ഗുണ്ടകളെ വിട്ട് തച്ചൊതുക്കുവാൻ ശ്രമിച്ചു. പക്ഷെ കൊല്ലം നഗരത്തിലെ ആദർശധീരരായ വിദ്യാർത്ഥികളും സംഘടിത തൊഴിലാളി സംഘവും സ്നേഹസമ്പന്നരായ പൊതുജനങ്ങളും ദിനപത്രങ്ങളും നമ്മോടൊപ്പം നിന്ന് പോരാടി. അവസാനം 74 ദിവസം നീണ്ടുനിന്ന ഈ സമരം ഒത്തുതീർപ്പിലെത്തി. പിരിച്ചുവിട്ട അദ്ധ്യാപകരെയെല്ലാം തിരിച്ചെടുക്കണമെന്ന് ഉറപ്പു നൽകുന്ന ഒരു തീരുമാനം ഗവർമ്മെന്റ് മുൻകയ്യെടുത്തുകൊണ്ടും

നടത്തിയ ഒത്തുതീർപ്പിന്റെ ഫലമായി ഉണ്ടായി.

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സിലെയും പ്രശ്നം അദ്ധ്യാപകനെ പിരിച്ചുവിടാൻവേണ്ടി കോഴ്സ് നിർത്തലാക്കിയതു തന്നെയായിരുന്നു. സുറിയാനി ഒരു പാഠ്യവിഷയമാക്കേണ്ട ആവശ്യമില്ലെന്ന് ഏകപക്ഷീയമായി തീരുമാനിച്ച മാനേജ്മെന്റ് അത് പഠിപ്പിച്ചിരുന്ന വൈദികനായ ഒരദ്ധ്യാപകനെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. റവ: ഫാദർ ജോസഫ് നെടുംതകിടിയോട് ഒരു കത്തോലിക്ക് മാനേജ്മെന്റ് കാണിച്ച ഈ അനീതിക്കെതിരായി A.K P C.T.A. യുടെ നേതൃത്വത്തിൽ സമരം നടന്നു. ''കത്തോലിക്കാ മാനേജുമെന്റ് സ്ഥാപനങ്ങളിലെ അഴിമതികളുടെ 'ഹലേലുയ്യാ'കൾ കൊച്ചു കൊച്ച് ഇടവകകളിൽ ഇരുന്ന് കേൾക്കേണ്ടിവന്നതിൽ'' ദുഃഖിച്ച വൈദികർ, റവ: ഫാദർ ജോർജ്ജ് വെള്ളക്കളത്തിന്റെ നേതൃത്വത്തിൽ ഈ സമരത്തിന്നനുകൂലമായി പേരുവെച്ച പ്രസ്താവന പുറപ്പെടുവിച്ചു. അദ്ധ്യാപകന്റെ അഭ്യുന്നതികാംക്ഷിക്കുന്ന എല്ലാപേരുടെയും ശബ്ദം A. K. P. C T. A. യുടെ മുദ്രാവാക്യത്തിന്ന് ആക്കം നൽകി. മാനേജുമെന്റിന് റവ: ഫാദർ നെടുംതകിടിയെ ജോലിയിൽ തിരിച്ചെടുക്കാതെ നിർവ്വാഹമില്ലാതായി.

'വർക്കിസമര'മെന്ന പേരിൽ പ്രസിദ്ധമായ കോലഞ്ചേരിസമരം സെന്റ് പീറ്റേർസ് കോളജിലെ ശ്രീ. എം. എം. വർക്കി എന്ന അദ്ധ്യാപകനെ അന്യായമായി പിരിച്ചുവിട്ടതിനെതിരായി നടത്തിയതായിരുന്നു. സാമൂഹ്യവിരുദ്ധൻമാരുടെ ഗുണ്ടാപ്പടയെപ്പോലും ചെറുത്തുനിൽക്കേണ്ടിവന്നു, ജോലിസ്ഥിരതയ്ക്കുവേണ്ടി മുറവിളികൂട്ടിയ അവിടത്തെ അദ്ധ്യാപക സുഹൃത്തുക്കൾക്ക്. 'ആചാര്യദേവോഭവ:' എന്ന് ഉൽഘോഷിക്കപ്പെട്ട ആർഷഭാരതത്തിൽ ദൈവത്തിന്റെ പ്രതിപുരുഷൻമാരെന്ന് സ്വയം അഭിമാനിക്കുന്ന ഒരുപററം മനുഷ്യർ അദ്ധ്യാപകരെയും അവർക്ക് പിൻതുണ നൽകാനെത്തിയ വിദ്യാർത്ഥികളെയും വാടകയ്ക്കെടുത്ത നരാധമൻമാരെക്കൊണ്ട് മർദ്ദിച്ചൊതുക്കുവാൻ മടിയതുമില്ലാതെ മുന്നോട്ടുവന്ന സംഭവം നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ കറുത്ത അദ്ധ്യായമായി അവശേഷിക്കും. സംഘടിതശക്തി എന്ന ഉരുക്കുമുഷ്ടിയുടെ കരുത്തും, ആദർശധീരതയിൽനിന്ന് ഉടലെടുത്ത ഹൃദയൈക്യവുമുള്ള അദ്ധ്യാപക പ്രസ്ഥാനത്തിനുമുമ്പിൽ അധർമ്മത്തിന്റെ മാത്രം പിൻബലമുള്ള കാളികൂളിപ്പടകൾ നിസ്തേജരായി. ശ്രീ. വർക്കി വീണ്ടും സെന്റ് പീറ്റേർസിലെ അധ്യാപകനായി.

സാമാന്യനീതിക്ക് നിരക്കാത്തവിധം, സ്വജന പക്ഷപാതപരവും, നീതിരഹിതവുമായ രണ്ടുനിയമനങ്ങൾക്കെതിരായി 1970 ഏപ്രിലിൽ കോട്ടയം സി. എം. എസ്. കോളേജിലെ A K P. C T. A. യൂണിററിന്ന് 56 ദിവസം നീണ്ടുനിന്ന ഒരു സമരം നടത്തേണ്ടിവന്നു. ഈ നിയമനങ്ങൾ നീതിക്കും, നിയമത്തിന്നും നിരക്കാത്തവയാണെന്ന് കാണിച്ച് A.K.P.C.T A. നൽകിയ മെമ്മോറാണ്ടങ്ങൾക്ക് സാമാന്യ മര്യാദയനുസരിച്ച് ഒരു മറുപടിപോലും തരാൻ മാനേജുമെന്റു കൂട്ടാക്കാതിരുന്ന സാഹചര്യത്തിലാണ് നമുക്ക് സമരമാർഗ്ഗം അവലംബിക്കേണ്ടിവന്നത്. വിവിധ രാഷ്ട്രീയ ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങളുടെയും വിദ്യാർത്ഥിസംഘടനകളുടെയും പിൻതുണയോടെ നടത്തിയ ഈ സമരം കോട്ടയം പട്ടണത്തിന്റെ ചരിത്രത്തിൽതന്നെ അഭൂതപൂർവ്വമായ ഒന്നാണ്. സത്യാഗ്രഹപന്തൽ കത്തിച്ചും, ഗുണ്ടകളെ ഇറക്കുമതിചെയ്തും, ഒരു വിഭാഗം അദ്ധ്യാപകരെ കരിങ്കാലികളാക്കി അവരെക്കൊണ്ട് ക്ളാസുകൾ നടത്താൻ വിഫലശ്രമം നടത്തിയും, സമരത്തെ അടിച്ചമർത്താമെന്ന് വ്യാമോഹിച്ച മാനേജുമെന്റ് അവസാനം കൂടിയാലോചനകൾക്ക് തയ്യാറായി. കൂടിയാലോചനകളുടെ ഫലമായി, ഇംഗ്ളീഷ് ഡിപ്പാർട്ടുമെന്റിലെ നിയമനത്തെപററി അന്തിമതീരുമാനം ഒരു കൺസിലിയേഷൻവഴി ഉണ്ടാക്കാമെന്നും, കെമിസ്ട്രി ഡിപ്പാർട്ടുമെന്റിലെ നിയമനത്തെപ്പററി യൂണിവേഴ്സിററി തീരുമാനമെടുക്കാമെന്നും, നിശ്ചയിക്കപ്പെട്ടു. കെമിസ്ട്രി ഡിപ്പാർട്ടുമെന്റിലെ പ്രശ്നം

വളരെ പെട്ടെന്നുതന്നെ പരിഹരിക്കപ്പെട്ടു. എന്നാൽ ഭരണഘടനയിലെ 30 (1) വകുപ്പ് എന്ന വൈതരണി കടക്കാനാവാതെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിലെ പ്രശ്നം നമുക്കനുകൂലമായി പരിഹരിക്കപ്പെടാതെപോയി. രണ്ടു മാസത്തോളം നീണ്ടുനിന്ന ഈ സമരം കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ ഇന്ന് അനുഭവിക്കുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന്നും, പ്രൈവററ് കോളേജ് മാനേജർമാരുടെ അനീതികൾ പൊതുജനസമക്ഷം തുറന്നുകാട്ടുന്നതിന്നും വളരെയധികം പ്രയോജകമായി.

A. K. P. C. T. A. യ്ക്ക് നിരന്തരമായി മാനേജ്മെൻറിനെതിരായി പോരാടേണ്ടി വന്നിട്ടുള്ള ഒരു കോളേജാണ് കാലടി ശ്രീ. ശങ്കരകോളേജ്. യാതൊരു തത്വദീക്ഷയുമില്ലാതെ അദ്ധ്യാപക വിരുദ്ധ നടപടികൾ അനുസ്യൂതം അനുവർത്തിച്ചുപോന്ന ഈ മാനേജർക്കെതിരെ പല ഘട്ടങ്ങളിലും പണിമുടക്കുകൾ ഉൾപ്പെടെയുള്ള പ്രത്യക്ഷസമരപരിപാടികൾ സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. ഓരോ തവണയും ഒത്തുതീർപ്പ് വ്യവസ്ഥകൾ താമസം വിനാ ലംഘിക്കുക എന്നത് ഒരു നയമാക്കി സ്വീകരിച്ച മാനേജർക്കെതിരെ ഈ വ്യവസ്ഥകൾ നടപ്പാക്കി കിട്ടുന്നതിനായി തുടരെത്തുടരെ സമരപരിപാടികൾ നമുക്ക് ആവിഷ്ക്കരിക്കേണ്ടി വന്നു. ഈ സമരങ്ങൾക്കെല്ലാം നേതൃത്വം നൽകിയ പ്രൊഫ: സി. കെ. ശിവരാമപിള്ളയെ വൈരനിര്യാതനബുദ്ധിയോടെ മാനേജർ ശിക്ഷണ നടപടികൾക്ക് വിധേയനാക്കി. ശ്രീ. ശിവരാമപിള്ള ട്രൈബ്യൂണലിലും, കോടതികളിലും ഈ അനീതിക്കെതിരായി നിയമ സമരങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളസർവ്വകലാശാലയിലെ അദ്ധ്യാപകന്ന് സേവന ഭദ്രത നൽകുന്ന വകുപ്പുകൾ എത്രത്തോളം അദ്ധ്യാപകന് ഗുണകരവുമാവുമെന്ന് ശ്രീ. ശിവരാമപ്പിള്ളയുടെ കേസ്സുകളിലെ അന്തിമ വിധിയിലൂടെ നമുക്ക് ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു.

അന്യായമായി പിരിച്ചുവിട്ട ഒരദ്ധ്യാപകനായ ശ്രീ. അമീർ ആലിയെ തിരിച്ചെടുക്കുക, ശമ്പള കുടിശ്ശിക നൽകുക തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കാൻവേണ്ടി നടത്തിയ നിവേദനങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ കൊല്ലം ടി. കെ. എം. കോളേജിലെ അംഗങ്ങൾക്ക് ഒരു പ്രത്യക്ഷ സമരത്തിലേക്ക് നീങ്ങേണ്ടി വന്നു. ഇതിനെത്തുടർന്ന് 'ജനസ്വാധീന'വും ധനസ്വാധീനവും ഉള്ള കടുംപിടുത്തക്കാരനായ മാനേജർ അദ്ധ്യാപകരെ കള്ളകേസുകളിൽ കുടുക്കുകയും ധിക്കാരത്തോടുകൂടി അനിശ്ചിതകാലത്തേക്ക് കോളേജ് അടച്ചിടുകയും ചെയ്തു. പക്ഷെ പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും സഹായസഹകരണത്തോടെ പണിമുടക്കിയിരുന്ന അദ്ധ്യാപകർ കോളേജിൽ പ്രവേശിച്ച് ഒരാഴ്ചക്കാലത്തോളം അദ്ധ്യാപനം നടത്തി. സമാധാനപരമായി തൊണ്ണൂറു ശതമാനത്തിലധികം വിദ്യാർത്ഥികളും ഹാജരായി തുറന്നു പ്രവർത്തിച്ചുപോന്ന ആ കോളേജിൽ ഒരു ദിവസം ഗുണ്ടകളെ ഉപയോഗിച്ച് മാനേജ്മെണ്ട് മനപൂർവ്വം സംഘർഷാവസ്ഥ സൃഷ്ടിക്കുകയും വീണ്ടും അദ്ധ്യാപനം മുടക്കുകയും ചെയ്തു. ശിക്ഷണനടപടികൾക്കെതിരായി ശ്രീ. അമീർ ആലി ട്രൈബ്യൂണലിൽ കൊടുത്തിരുന്ന കേസ്സിൻെറ വിധിയെ മാനിക്കാമെന്ന് മാനേജർ ഗവൺമെൻറിൻെറ മദ്ധ്യസ്ഥതയുടെ ഫലമായി രേഖാമൂലം ഉറപ്പുതന്നതിനാൽ നാം സമരം നിർത്തിവെച്ചു. ട്രൈബ്യൂണലിൻെറ വിധി ശ്രീ. അമീർ ആലിക്ക് അനുകൂലമായിരുന്നു. എന്നാൽ ഒത്തുതീർപ്പുവ്യവസ്ഥകൾ കാററിൽ പറത്തിക്കൊണ്ട് മാനേജർ ഈ വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. പക്ഷെ ഹൈക്കോടതി, ട്രൈബ്യൂണലിൻെറ വിധി ശരിവെക്കുകയാണുണ്ടായത്. എന്നാൽ ഹൈക്കോടതി വിധിയെപ്പോലും മാനിക്കാൻ തയ്യാറാവാത്ത മാനേജർ അമീർ ആലിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ വിസമ്മതിച്ചു. കോടതി വിധി നടപ്പാക്കി കിട്ടുന്നതിനായി നമ്മുടെ പിന്നീടുള്ള ശ്രമങ്ങൾ, യൂണിവേഴ്സിററി സമിതികളിലും മററും നമ്മുടെ പ്രതിനിധികൾ ഈ പ്രശ്നം ഉന്നയിച്ചു. ഇതുകൊണ്ടൊന്നും ഒരു ഫലവുമുണ്ടായില്ല. അവസാനം സ്വന്തം വിധി നടപ്പാ

ക്കിച്ചുതരണമെന്ന അഭ്യർത്ഥനയുമായി ശ്രീ. അമീർ ആലി കോടതിയെ തന്നെ സമീപിച്ചു. കോർട്ടലക്ഷ്യക്കുററത്തിന്ന് വിധേയനാകേണ്ടി വന്ന മാനേജർ മുട്ടുമടക്കി. 1975 അവസാനം ശ്രീ. അമീർ ആലിയെ ജോലിയിൽ തിരിച്ചെടുത്തു.

പ്രശ്നങ്ങൾ നിറഞ്ഞ മറെറാരു കോളേജാണ് പെരിങ്ങമല ഇക്ബാൽ കോളേജ്. ശമ്പളക്കുടിശ്ശികക്കുവേണ്ടിയും, ഒപ്പിടുന്ന തുകതന്നെ ശമ്പളമായി ലഭിക്കുന്നതിനും, അകാരണമായ പിരിച്ചുവിടലിനും എതിരായി മററും പല സമരങ്ങളും ഇവിടെ നടന്നിട്ടുണ്ട്. കള്ളകേസുകളുണ്ടാക്കി അദ്ധ്യാപകരെ പിരിച്ചുവിടുകയും, ഭാരിച്ച കോഴവാങ്ങി പുതിയ ആളുകളെ നിയമിക്കുകയും ആ കോളേജിൽ ഒരു നിത്യസംഭവമായിരുന്നു. ഇവർക്കെല്ലാം എതിരായി നാം നടത്തിയ വിവിധ സമരങ്ങളുടെ പരിസമാപ്തിയിൽ ഉണ്ടാകുന്ന ഒത്തുതീർപ്പുകൾ പാലിക്കുവാൻ ബാദ്ധ്യതയില്ലാത്ത വിധത്തിൽ എന്നും മാനേജർ മാറിക്കൊണ്ടിരിക്കുക എന്നത് അവിടെ ഒരു പ്രതിഭാസമായിരുന്നു. കേരള യൂണിവേഴ്സിററി നിയമത്തിൻെറ പരിരക്ഷ ലഭിച്ചതോടെ പലപ്പോഴായി പിരിച്ചുവിടപ്പെട്ടിരുന്ന അദ്ധ്യാപകർണ്ട് കോടതികളിലൂടെ സേവന സ്ഥിരത കൈവന്നിട്ടുണ്ട്. നമ്മുടെ നിരന്തര സമരങ്ങളിലൂടെയും മദ്ധ്യസ്ഥ തീരുമാനങ്ങളിലൂടെയും ശമ്പളത്തിൻെറ കാര്യത്തിലും ചില്ലറ ആശ്വാസങ്ങൾ ഈ കോളേജിലെ അദ്ധ്യാപകർക്ക് കൈവന്നിരുന്നു. ഡയറക്ട് പേമെൻറ് നടപ്പായതോടെ കൃത്യമായി ശമ്പളം കിട്ടുകയെന്ന ശാശ്വത സംവിധാനം നിലവിൽ വന്നു.

വടക്കാഞ്ചേരി ശ്രീവ്യാസാ എൻ. എസ്. എസ്. കോളേജിൽ ഒരു പ്രിൻസിപ്പാളുടെ സ്വേച്ഛാപരമായ അദ്ധ്യാപക വിരുദ്ധനടപടികൾ മൂലം A. K. P. C. T. A യുടെ നേതൃത്വത്തിൽ അദ്ധ്യാപകസമരം നടക്കുകയുണ്ടായി. മാത്ത്മെററിക്സ് വിഭാഗത്തിലെ ശ്രീ. കൃഷ്ണനുണ്ണിയെ അന്നത്തെ പ്രിൻസിപ്പാൾ ആയിരുന്ന ശ്രീ. സി പി. ജനാർദ്ദനൻ പിള്ള ധിക്കാരപരമായി കള്ളക്കേസ് ഉണ്ടാക്കി സസ്പെൻഡു ചെയ്തു. ഇതിന്നെതിരായി ചെറിയൊരു യൂണിററായിരുന്നിട്ടും ശ്രീവ്യാസയിലെ ധീരരായ നമ്മുടെ സുഹൃത്തുക്കൾ പ്രത്യക്ഷസമരമാരംഭിച്ചു. നാട്ടുകാരുടേയും വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടേയും പൂർണ്ണ സഹകരണത്തോടെ അദ്ധ്യാപകസമരം മുന്നോട്ടു പോയപ്പോൾ വിറളിപൂണ്ട പ്രിൻസിപ്പാൾ കോളേജ് സംരക്ഷിക്കാനെന്ന പേരിൽ ഗുണ്ടകളെ ഇറക്കുമതി ചെയ്തു. തുടർന്നുണ്ടായ സംഘർഷാവസ്ഥയിൽ അടിപിടിയും, കത്തിക്കുത്തും വരെ നടന്നു. മർദ്ദനത്തിനു വിധേയരായ അദ്ധ്യാപകരുടെ പേരിൽ ക്രിമിനൽ കുററങ്ങൾ ചുമത്തി കള്ളക്കേസുകളുണ്ടാക്കി. A. K. P. C. T. A യുടെയും പൗരമുഖ്യൻമാരുടേയും നേതൃത്വത്തിൽ മാനേജ്മെണ്ടുമായി ഒത്തുതീർപ്പു സംഭാഷണങ്ങൾ നടന്നു. തൽഫലമായി ശ്രീ. കൃഷ്ണനുണ്ണിയുടെ സസ്പെൻഷൻ നിരുപാധികം റദ്ദാക്കുകയും അന്ന് സർവ്വീസിലുള്ള അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം വ്യാസാ എൻ. എസ്. എസ്. കോളേജിനെ ഒരു പ്രത്യേക യൂണിററായി എക്കാലവും കണക്കാക്കാം എന്ന ഉറപ്പു ലഭിക്കുകയും ചെയ്തു. ഈ സംഭവ വികാസങ്ങൾക്കൊക്കെ കാരണക്കാരനായ ശ്രീ. സി. പി. ജനാർദ്ദനൻ പിള്ളക്ക് പ്രിൻസിപ്പാൾ സ്ഥാനം വെച്ചൊഴിഞ്ഞ് പോകേണ്ടതായും വന്നു.

സേവനഭദ്രതയ്ക്കുവേണ്ടിയും, മററു നീതിനിഷേധങ്ങൾക്കെതിരായും മൂവാററുപുഴ നിർമ്മലകോളേജ്, ദേവസ്വം ബോർഡ് കോളേജുകൾ തുടങ്ങി നിരവധി കോളേജുകളിൽ A. K. P. C. T. A. യുടെ നേതൃത്വത്തിൽ നിരന്തരം സമരങ്ങൾ നടന്നിട്ടുണ്ട്. ഈ സമരങ്ങളിലെല്ലാം അറിയുന്നവരും അറിയപ്പെടാത്തവരുമായ അനേകം അദ്ധ്യാപക സുഹൃത്തുക്കളുടെ സമർപ്പണബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾ അലിഞ്ഞുചേർന്നിട്ടുണ്ട്. നാം നേടിയ വിജയങ്ങളെല്ലാം ഇമ്മാതിരിയുള്ള നിസ്വാർത്ഥപ്രവർത്തകരുടെ കയ് മെയ് മറന്നുള്ള അദ്ധ്വാനത്തിൻെറയും ത്യാഗസന്നദ്ധതയുടെയും ഫലമാണ്. നമുക്കവരെ ആദരിക്കുക.

നിയമദത്തമായ സേവനവ്യവസ്ഥകൾ നമുക്കില്ലാതിരുന്നതിനാലാണ് സേവനഭദ്ര

യ്ക്കുവേണ്ടി ദീർഘമായ സമരങ്ങൾ നമുക്ക് നടത്തേണ്ടിവന്നത്. ഏറെ പ്രതീക്ഷിച്ച്, ഏറെ ത്യാഗങ്ങൾ അനുഭവിച്ച് നാം നേടിയെടുത്ത '69 ലെ കേരള യൂണിവേഴ്സിററി നിയമം ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും പരിശോധനയ്ക്കുശേഷം പുറത്തുവന്നപ്പോൾ പലതും നമുക്കു നഷ്ടപ്പെട്ടു. ഭരണഘടനയുടെ ശരശയ്യയിൽ വീണു പിടഞ്ഞു മരിച്ച വകുപ്പുകളെ നോക്കി നമുക്ക് നെടുവീർപ്പടക്കി നിൽക്കേണ്ടിവന്നു. കോടതി വിധി വന്നപ്പോൾ ബഹുദൂരമോടിയിട്ടും തുടങ്ങിയേടത്തുതന്നെ എന്നതായി നമ്മുടെ സ്ഥിതി. 1974 ൽ 1969 ലെ നിയമത്തിൽ കോടതികൾ നിലനിർത്തിയ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളയൂണിവേഴ്സിററി ബിൽ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. പഴയനിയമത്തിലെ 63-ാം വകുപ്പ് (ദുർഭരണം നടത്തുന്ന മാനേജ്മെൻറുകളുടെ കോളേജുകൾ താൽക്കാലികമായെങ്കിലും ഏറെറടുക്കുവാൻ ഗവൺമെൻറിന് അധികാരം നൽകുന്ന വകുപ്പ്) പുനഃസ്ഥാപിക്കുന്നതിനും, യൂണിവേഴ്സിററി സമിതികളിൽ അദ്ധ്യാപകർക്ക് കൂടുതൽ പ്രാതിനിധ്യം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, നാം നിയമസഭാകവാടത്തിൽ 1974 ഏപ്രിലിൽ അഞ്ച് ദിവസത്തെ അഖണ്ഡസത്യാഗ്രഹവും, നിരാഹാരസമരവും നടത്തി. പ്രൈവററ് കോളേജ് അദ്ധ്യാപക സമുദായത്തിന് നിയമദത്തമായ സംരക്ഷണം നൽകുന്ന ചില വകുപ്പുകൾ എങ്കിലും ഈ നിയമത്തിൽ പുന:സ്ഥാപിച്ചു കിട്ടി. ഇതിൽ രാഷ്ട്രീയമായി വളരെ ഒച്ചപ്പാടുണ്ടാക്കിയ 69-ാം വകുപ്പ് നടപ്പാക്കുന്നതല്ലെന്ന് ഗവൺമെൻറ് തീരുമാനിച്ചു. നടപ്പാക്കി കിട്ടിയ വകുപ്പുകളിൽ മുഖ്യമായവ അടുത്തകാലത്ത് ഉണ്ടായ ഹൈക്കോടതി വിധി മൂലം നമുക്ക് നഷ്ടപ്പെട്ടു. കേരള-കാലിക്കററ് സർവ്വകലാശാലാ നിയമങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് കരചരണങ്ങളററു കിടക്കുന്ന കബന്ധങ്ങളാണ്. നഷ്ടപ്പെട്ട വകുപ്പുകൾ ഉൾക്കൊള്ളിച്ച് വീണ്ടും ഒരു നിയമം സൃഷ്ടിച്ച് ഭരണഘടനയുടെ 9-ാം പട്ടികയിൽ ഉൾപ്പെടുത്തി കോടതികളുടെ വിധി വിലാസങ്ങൾക്കു ഇരയാക്കാതെ സംരക്ഷിക്കണമെന്ന് നാം ആവശ്യപ്പെട്ടിരിക്കയാണ്. ഹൈക്കോടതി വിധിയിൻമേൽ അപ്പീൽ ബോധിപ്പിക്കുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടെന്ന് ഇയ്യിടെ വെളിവാക്കപ്പെട്ടിട്ടുണ്ടല്ലോ. രണ്ട് യൂണിവേഴ്സിററികളും കേസ്സിൽ കക്ഷി ചേരണമെന്ന് ഇരു യൂണിവേഴ്സിററി സെനററുകളിലും നമ്മുടെ പ്രതിനിധികൾ അവതരിപ്പിച്ച് പാസ്സാക്കിയ പ്രമേയങ്ങൾ വഴി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിനായി നാം ഇയ്യിടെ കേരളമൊട്ടുക്കും നടത്തിയ ജില്ലാ സ്പെഷൽ കൺവെഷനുകൾ സേവന ഭദ്രതക്കുവേണ്ടിയുള്ള നമ്മുടെ സുദീർഘമായ കർമ്മപരിപാടികളിലെ ഏററവും അവസാനത്തെ ഇനമായിരുന്നു.

തീർച്ചയായും ഭരണഘടനയിലെ ആർട്ടിക്കിൾ 30 (1) കോടതികൾ വ്യാഖ്യാനിച്ചതുപോലെ നിലനിൽക്കുന്നിടത്തോളംകാലം മാനേജ്മെൻറുകളുടെ മേൽ പരിപൂർണ്ണമായ സാമൂഹ്യ നിയന്ത്രണം കൊണ്ടുവരുന്ന ഒരു നിയമവും നിലനിൽക്കുകയില്ലെന്നത് നിസ്തർക്കമായ ഒരു വസ്തുതതന്നെയാണ്. മതഭാഷാന്യൂനപക്ഷങ്ങൾക്ക് ലഭിക്കേണ്ട സംരക്ഷണം അവർക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതോടൊപ്പം, അതിന്റെ പേരിൽ എന്തു തോന്ന്യവാസവും കാണിക്കാമെന്ന സ്ഥിതി നമ്മുടെ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കരുതെന്ന് ഇന്നാട്ടിലെ പുരോഗമനശക്തികൾക്കെല്ലാം നിർബ്ബന്ധമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ സേവനഭദ്രതയ്ക്കുവേണ്ടി നമുക്കിനിയും സംഘടിതശക്തിയായിതന്നെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

(1977-ലെ സോവനീനിൽ പ്രസിദ്ധീകരിച്ച
ഈ ലേഖനത്തിന്റെ ബാക്കിഭാഗം
അടുത്ത ലക്കത്തിൽ)

## കോഴിക്കോട് യൂണിവേർസിററി സെനററിലേയ്ക്ക്–

ബിരുദധാരികളുടെ മണ്ഡലത്തിൽനിന്നും കോഴിക്കോട് യൂണിവേർസിററി സെനററിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളായ ഡോ: പി. എസ്. പണിക്കരും ശ്രീ. എം. കെ. ബാലകൃഷ്ണനും വിജയിച്ചിരിയ്ക്കുന്നു.

എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളുടെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ച എല്ലാവരേയും ജനറൽസെക്രട്ടറി അഭിനന്ദിച്ചു.

## പുതുക്കാട് കൃഷ്ണകുമാറിന് അനുമോദനം

പ്രസിദ്ധകവിയും ശ്രീ വ്യാസ എൻ. എസ്. എസ്. കോളേജിലെ മലയാളവിഭാഗത്തിൻെറ തലവനുമായ ശ്രീ പുതുക്കാട് പി. കൃഷ്ണകുമാറിനെ, അഖിലേന്ത്യാ റേഡിയോ ഇക്കഴിഞ്ഞ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ നടത്തിയ ദേശീയകവി സമ്മേളനത്തിൽ മലയാളത്തെ പ്രതിനിധീകരിയ്ക്കുവാൻ തെരഞ്ഞെടുക്കുകയുണ്ടായി. വ്യാസാകോളേജധ്യാപകർ ഫെബ്രുവരി 13–ാം തീയതി കോളേജിൽ കൂടിയ യോഗത്തിൽവെച്ച് ശ്രീ കൃഷ്ണകുമാറിനെ അനുമോദിച്ചു. ശ്രീ വ്യാസാകോളേജ് എ.കെ.പി.സി.ടി.എ. ബ്രാഞ്ച് പ്രസിഡൻറുകൂടിയാണ് ശ്രീ കൃഷ്ണകുമാർ.

## കേന്ദ്രീകൃത വാലേഷൻ

കേരളാ യൂണിവേഴ്സിററിയിൽ, പ്രീഡിഗ്രിയോടൊപ്പം ഡിഗ്രിതലത്തിലും ഈ വർഷം കേന്ദ്രീകൃത വാലേഷനുണ്ടായിരിയ്ക്കും.

## ഷിഫ്ററ്

അടുത്തവർഷം എല്ലാ കോളേജുകളിലും ഷിഫ്ററ് നടപ്പിലാക്കാനും, കോളേജുകളുടെ എല്ലാം പ്രവർത്തിസമയം ഏകീകരിക്കാനും കേരള യൂണിവേഴ്സിററി ആലോചിയ്ക്കുന്നു.

## ചരിത്ര സെമിനാർ

നെൻമാറ എൻ.എസ്. എസ്. കോളേജിൽ യു. ജി. സി. ഫാക്കൽററി ഇംപ്രൂവ്മെൻറ് സ്കീമിൻെറ ഭാഗമായി ഫെ: 7–ാം തീയതി നടത്തിയ ചരിത്രസെമിനാറിൽ പ്രൊ: കൃഷ്ണമൂർത്തി (മദിരാശി സർവ്വകലാശാല), പ്രൊ: എം. ജി. എസ്. നാരായണൻ, ഡോ: എ.പി. ശ്രീധരൻനായർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചുകൊണ്ട് ചർച്ചകൾ നയിച്ചു. ഫെ: 8–ാം തീയതി 'പാർലമെൻററി ജനാധിപത്യം ഇന്ത്യയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ ഒ. രാജഗോപാൽ, ഡി. വിവേകാനന്ദൻ, പ്രൊ: വി. അരവിന്ദാക്ഷൻ, ഡോ: പി. എസ്. പണിയ്ക്കർ, പ്രൊ: എ. ഗോപിനാഥൻനായർ എന്നിവർ പങ്കെടുത്തു. കോഴിക്കോട് സർവ്വകലാശാലയുടെ പരിധിയിലുള്ള വിവിധ കോളേജുകളിൽനിന്നും അധ്യാപകർ സെമിനാറിൽ സംബന്ധിച്ചു.

## യൂണിവേഴ്സിററി ഇൻസ്പെക്ഷൻ കമ്മീഷൻ

കാലിക്കററ് സർവകലാശാലയിൽ അഫിലിയേററ് ചെയ്തിട്ടുള്ള കോളജുകളുടെ ഇന്നത്തെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു പൊതു പരിശോധനാ കമ്മീഷനെ നിയോഗിച്ചതായി വൈസ് ചാൻസലർ പ്രൊ: കെ. എ. ജലീൽ അറിയിച്ചു. സിൻഡിക്കേററ് അംഗം കൺവീനറായി ഒമ്പതംഗങ്ങളുള്ള കമ്മീഷൻ ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്നാണ് നിബന്ധന. ക്രോഡീകരിച്ച റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിക്കും.

(ശേഷം 32–ാം പേജിൽ)

# GOVERNMENT OF KERALA

## (Abstract)

Establishment - Absence of employees on 5th December 1979-Treatment of the period of absence as eligible leave – Orders issued.

---

GENERAL ADMINISTRATION (SS) DEPARTMENT

G. O. Rt. 1001/80/GAD — Dated. Trivandrum, 7-2-1980

---

Read:- 1. Circular Memorandum No. 129640/SS1/79/GAD dated 27th November 1979.

2. Circular Memorandum No. 129640/SS1/79/GAD dated 14th December 1979.

### ORDER

In supersession of the instructions contained in the Circular Memoranda read above, Government are pleased to order that the absence of the employees in Government service and Public Sector Undertakings on the 5th December 1979 will be adjusted against the leave to which they are eligible. If an employee does not have any leave to his credit his absence on the 5th December 1979 will be treated as special Casual Leave.

By Order of the Governor,
**M. S. K. RAMASWAMY**
Special Secretary to Government.

To

All Heads of Departments and Offices etc. etc.

---

(31-ാം പേജിന്റെ തുടർച്ച)

ഓരോ കോളേജിന്റെയും വളർച്ചയും വികസന പ്രവർത്തനങ്ങളും, സ്ഥല സൗകര്യം, ലാബ്രട്ടറി – ലൈബ്രറി – കായിക പരിശീലനസൗകര്യം, വിദ്യാർത്ഥിനികളുടെ പ്രശ്നങ്ങൾ, ഹോസ്റ്റൽ സൗകര്യം, ഷിഫ്റ്റ് സമ്പ്രദായത്തിന്റെ ഫലങ്ങൾ, യു. ജി. സി. നൽകുന്ന ഗ്രാന്റിന്റെ ഉപയോഗം, പുതിയ കോഴ്സുകൾ ഏർപ്പെടുത്താനുള്ള സാദ്ധ്യത, പ്രീ–ഡിഗ്രിതലത്തിൽ പ്രവർത്ത്യുന്മുഖ പഠനപദ്ധതി ഏർപ്പെടുത്താനുള്ള സൗകര്യം, ഗവേഷണ സൗകര്യം തുടങ്ങി പതിനഞ്ചോളം വിഷയങ്ങളെ ആധാരമാക്കിയാണ് കമ്മീഷന്റെ പരിശോധന. പ്രിൻസിപ്പൽ, സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും പ്രതിനിധികൾ, മാനേജ്മെന്റിന്റെ വക്താക്കൾ എന്നിവരുമായി ചർച്ച നടത്തും. കലാലയങ്ങൾ നേരിട്ടു പരിശോധിച്ചു പ്രശ്നങ്ങൾ പഠിക്കും. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികളുടെ ഭാഗമാണ് ഈ കമ്മീഷനുകളെന്നു വൈസ് ചാൻസലർ പറഞ്ഞു.

ഓറിയന്റൽ കോളേജുകളുടെ പ്രവർത്തനങ്ങൾ പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ അടുത്തുതന്നെ മറ്റൊരു കമ്മീഷനെയും നിയോഗിക്കും.

## എ. കെ. പി. സി. ടി. എ. പതിനൊന്നാം കൺവെൻഷൻ
## കോട്ടയം

| | | |
|---|---|---|
| സ്വാഗതസംഘം ചെയർമാൻ | – | ശ്രീ. എം. എം. മാണി (മുനിസിപ്പൽ ചെയർമാൻ) |
| പ്രസിഡന്റ് | – | എൻ. എം. ജോസഫ് |
| വൈസ് പ്രസിഡന്റ് | – | ടി. സി. ഇമ്മാനുവേൽ |
| ജനറൽ കൺവീനർ | – | പ്രൊ: കെ. സി. ചാക്കോ |
| ജോയിന്റ് കൺവീനേഴ്സ് | – | ശ്രീ. പി. ജി. ചന്ദ്രശേഖരൻനായർ, പ്രൊ: ജി. മാധവൻനായർ |
| ഫിനാൻസ് കമ്മിററി കൺവീനർ | – | ശ്രീ. കെ. സദാശിവൻനായർ |
| പബ്ലിസിററി കൺവീനർ | – | പ്രൊ: അമ്പലപ്പുഴ രാമവർമ്മ |
| പ്രോഗ്രാം കമ്മിററി കൺവീനർ | – | പ്രൊ: എം. കെ. സുകുമാരൻനായർ |
| ഫുഡ് ആൻറ് അക്കോമഡേഷൻ കമ്മിററി കൺവീനർ | – | ശ്രീ. കെ. എം. വർഗ്ഗീസ് |
| സോവനീർ കമ്മിററി കൺവീനർ | – | പ്രൊ: കെ. സി. ചാക്കോ |



എ. കെ. പി. സി. ടി. എ. പ്രവർത്തകക്യാമ്പ് കൊച്ചിൻ യൂണിവേഴ്സിററി പ്രൊ – വൈസ് ചാൻസലർ ഡോ: കെ. ഐ. വാസു ഉത്ഘാടനം ചെയ്യുന്നു. പ്രസിഡന്റും ജനറൽ സെക്രട്ടറിയുമാണ് സമീപം.

kerala private college teacher

Vol. 2 No. 8-9.

For comfortable stay

KAYCEES

the most modern and luxurious lodge

Y. M. C. A. Road, KOTTAYAM

Phone : 3440

വിദ്യാഭ്യാസരംഗവുമായി
ബന്ധപ്പെടുന്ന ഏവർക്കും

വായിക്കുവാനും
സൂക്ഷിക്കുവാനും

**കേരള**

**പ്രൈവററ് കോളേജ് ടീച്ചർ**

മാസിക

വാർഷിക വരിസംഖ്യ അഞ്ച് രൂപ

ഒററപ്രതി അമ്പതു പൈസ

*printed and published by prof. v. narayanan kutty, general secretary, a k p c t a, at anupama printers, trivandrum, chief editor. v. n. murali.*